OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

**Vol. 2 Book 9** **Regd. No. ER/450/2001** 1196 ചിങ്ങം – കന്നി **Date:30.09.2020**

## പത്രാധിപക്കുറിപ്പ്

# സൂക്ഷിച്ചാൽ ദുഖിക്കേണ്ട...

### എൻ.ബി.എഫ്.സി.കൾക്ക് നിക്ഷേപം സ്വീകരിക്കാൻ ആകില്ലെന്ന പ്രചാരണം ശക്തം. യാഥാർത്ഥ്യമെന്ത്?



**സിബി ചാണ്ടി**

ബാങ്കുകൾ വാഗ്ദാനം ചെയ്യുന്ന പലിശ ഗണ്യമായി കുറഞ്ഞതോടെ പലിശ വരുമാനം മാത്രം ആശ്രയിച്ചു ജിവിക്കുന്നവർ നിക്ഷേപത്തിൽ നിന്നു അധികനേട്ടം ഉണ്ടാക്കാൻ മറ്റ് മാർഗങ്ങൾ തേടുന്നത് സ്വാഭാവികം. നിർഭാഗ്യവശാൽ ചില ധനകാര്യ സ്ഥാപനങ്ങൾ ഈ അവസരം മുതലെടുക്കാൻ ശ്രമിക്കുകയും നിക്ഷേപകരെ വഞ്ചിക്കുകയും ചെയ്യുന്നു. പക്ഷേ അൽപം ഒന്നു ശ്രദ്ധിച്ചാൽ, ഒന്നു ഗൃഹപാഠം ചെയ്യാൻ പത്തോ പതിനഞ്ചോ മിനിട്ടു ചെലവിട്ടാൽ സ്ഥാപനത്തിന്റെ വിശ്വാസ്യത ഉറപ്പ് വരുത്താം. അതുവഴി തട്ടിപ്പിൽ നിന്നു രക്ഷപെടാനും കഴിയും...

റിസർവ് ബാങ്ക് മാർഗനിർദേശം പ്രകാരം എൻബിഎഫ്സി എന്നാൽ പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ അത് ഒരു ബാങ്കല്ല. എൻബിഎഫ്സികളെ മൂന്നു വിഭാഗമായി തരം തിരിച്ചിട്ടുണ്ട്. ...

**1. Non Systemically Important Non Deposit Taking Company (NBFC-ND)**

**2. Systemically Important Non Deposit Taking Company (NBFC-ND-SI)**

**3. Systemically Important Deposit Taking Company (NBFC-D)**

ഇതിൽ മൂന്നാമത്തെ വിഭാഗത്തിനു മാത്രമേ പൊതുജനങ്ങളിൽ നിന്നു നിക്ഷേപം സ്വീകരിക്കാൻ അനുമതിയുള്ളൂ. അതും വ്യക്തമായ മാർഗനിർദേശങ്ങളോടെ മാത്രം.

- ഏതു സമയത്തു ആവശ്യപ്പെട്ടാലും തിരിച്ചുകൊടുക്കുന്ന നിക്ഷേപം ( ഡിമാൻഡ് ഡെപ്പോസിറ്റ് ) സ്വീകരിക്കരുത്
- ബാങ്കുകളെ പോലെ ചെക് ഇഷ്യൂ ചെയ്യരുത്
- 12 മുതൽ 60 മാസം വരെയുള്ള കാലയളവിലേക്കു മാത്രമേ നിക്ഷേപം സ്വീകരിക്കാവൂ. (നിക്ഷേപം പുതുക്കുമ്പോഴും ഈ നിയമം ബാധകമാണ്)
- 12.5% ത്തിലധികം വാർഷിക പലിശ വാഗ്ദാനം ചെയ്യരുത്
- പ്രവാസികളിൽ നിന്നു എൻആർഇ നിക്ഷേപം സ്വീകരിക്കുകയാണെങ്കിൽ 12-36 മാസ കാലയളവിലേക്കു മാത്രമേ പാടുള്ളൂ
- പ്രവാസികൾക്കു വാഗ്ദാനം ചെയ്യുന്ന പലിശ ആർബിഐ നിർദേശ പ്രകാരം, ഷെഡ്യൂൾ ബാങ്കുകൾ തത്തുല്യമായ നിക്ഷേപങ്ങൾക്ക് നൽകുന്നതിലും കൂടുതലാകരുത്
- എൻ.ബി.**എഫ്.സി.**കളിൽ ഇടുന്ന നിക്ഷേപങ്ങൾക്ക്, ബാങ്ക് നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന ഇൻഷുറൻസ് (DICGC) പരിരക്ഷ ലഭ്യമല്ല. അതായത് സ്ഥാപനം പൊളിഞ്ഞാൽ പണം നൽകാൻ ബാധ്യതയില്ല എന്നു ചുരുക്കം

നോൺ ഡെപ്പോസിറ്റ് ടേക്കിങ് എൻ.ബി.**എഫ്.സി.**കൾക്ക് പൊതുജനങ്ങളിൽ നിന്നു നിക്ഷേപം സ്വീകരിക്കാൻ അനുവാദമില്ല. പകരം അവർക്ക് നോൺ കൺവർട്ടബിൾ ഡിബഞ്ചറുകൾ അഥവാ എൻസിഡി വഴി ധനം സമാഹരിക്കാം. എന്നാൽ ഈ ഡിബഞ്ചറുകൾ കമ്പനിയുടെ ഓഹരികളായി മാറ്റാൻ അനുവദമില്ലാത്തവയാണ്. എൻ.സി.ഡി രസീത് എൻ.ബി.**എഫ്.സി.** രസീതായി നിക്ഷേപകൻ തെറ്റിദ്ധരിക്കുന്നു. ഇവിടെയാണ് അടിസ്ഥാനപരമായ കെണി കിടക്കുന്നത്. പല ധനകാര്യ സ്ഥാപനങ്ങളും ഈ വഴി ഉപയോഗപ്പെടുത്തിയാണ് ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതും തട്ടിപ്പിനു ഇരയാക്കുന്നതും. .എൻ.സി.ഡി.രസീത് സ്ഥിരനിക്ഷേപ രസീതായി കാണിച്ചു വഞ്ചിക്കുന്നു. എൻസിഡിയിൽ നിക്ഷേപിക്കുന്നതിൽ ചില അപകടങ്ങളുണ്ടെന്നു മനസിലാക്കണം. ഏതെങ്കിലും കാരണവശാൽ എൻസിഡി ഇറക്കിയ കമ്പനി പ്രതിസന്ധിയിലാകുകയും പാപ്പരായി പ്രഖ്യാപിക്കുകയും ചെയ്യപ്പെട്ടു എന്നു കരുതുക. അങ്ങനെ സംഭവിക്കുന്ന പക്ഷം കമ്പനിയുടെ മറ്റെല്ലാ ബാധ്യതകളും തീർത്ത ശേഷം മാത്രമേ എൻസിഡിയിൽ പണമിട്ടവർക്ക് അതു തിരിച്ചു ലഭിക്കാൻ അർഹതയുണ്ടാകൂ. അതായത് സ്ഥാപനം പണം

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com

നൽകാനുള്ളവരുടെ ക്യൂവിൽ എൻ.സി ഡി നിക്ഷേപകരുടെ സ്ഥാനം ഏറ്റവും ഒടുവിലായിരിക്കും.

## നിക്ഷേപം സഹോദര സ്ഥാപനത്തിലേയ്ക്ക്

സമാഹരിക്കുന്ന നിക്ഷേപം സഹോദര സ്ഥാപനങ്ങൾക്ക് കടംകൊടുത്ത് ചില എൻബിഎഫ്സികൾ ഒരു പടി കൂടി കടന്നു നിക്ഷേപകരെ തട്ടിപ്പിനിരയാക്കുന്നുണ്ട്. എൻസിഡി വഴി സമാഹരിക്കുന്ന പണം സഹോദര സ്ഥാപനം രൂപീകരിച്ച് ഇന്റർകോർപ്പറേറ്റ് ഡെപ്പോസിറ്റ് (ഐസിഡി) ആയി അതിലേക്കു വക മാറ്റും. എന്നിട്ട് ഐസിഡി ഡെപ്പോസിറ്റ് രസീത് നിക്ഷേപകർക്കു നൽകുകയാണ് രീതി. സഹോദര സ്ഥാപനത്തിൽ നിന്നു പണം തിരിച്ചു കിട്ടിയാൽ മാത്രമേ ഈ തുക തിരിച്ചു നൽകൂവെന്നും ആ സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുണ്ടാകും. പക്ഷേ നിക്ഷേപകന്റെ ശ്രദ്ധയിൽ പെടണമെന്നില്ല.




## തട്ടിപ്പ് ഒഴിവാക്കാൻ നിങ്ങൾ ചെയ്യേണ്ടത്

ബാങ്ക് അല്ലാത്ത ധനകാര്യ സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കും മുൻപ് ജാഗ്രത പുലർത്തുക. തീരുമാനമെടുക്കും മുമ്പ് രണ്ടു തവണ ചിന്തിക്കുക. എൻബിഎഫ്സി ഏതു വിഭാഗത്തിൽ പെട്ടതാണെന്നു പരിശോധിച്ചു ഉറപ്പു വരുത്തുക. ഇന്ത്യയിൽ പ്രവർത്തനാനുമതിയുള്ള ഈ മൂന്നു വിഭാഗങ്ങളിലും പെട്ട എൻബിഎഫ്സികളുടെ പട്ടിക റിസർവ് ബാങ്ക് (rbi.org.in) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്തെ ഏതു പൗരനും എളുപ്പത്തിൽ പരിശോധിച്ചു ഉറപ്പു വരുത്താൻ വേണ്ടിയാണിത്. നിക്ഷേപം നടത്തും മുൻപ് ആ പട്ടിക പരിശോധിച്ചു ഉറപ്പു വരുത്തിയാൽ നിങ്ങൾക്കും ഇത്തരം തട്ടിപ്പിനു ഇരയാകാതിരിക്കാം. സൂക്ഷിച്ചാൽ ദുഖിക്കേണ്ട...

# കേരളത്തിന്റെ കല്പ്പ വൃക്ഷം

**കേരളത്തിന്റെ സംസ്ഥാനവൃക്ഷമാണ് തെങ്ങ്. കേരളീയർ അവർക്ക് എന്തും നൽകുന്ന വൃക്ഷം എന്ന അർത്ഥത്തിൽ തെങ്ങിനെ കല്പവൃക്ഷം എന്നും വിളിക്കുന്നു. തെങ്ങിന്റെ ഫലമാണ് തേങ്ങ. തെക്കു നിന്ന് വന്ന കായ എന്നർത്ഥത്തിൽ തെങ്കായ് ആണ് തേങ്ങ ആയി മാറിയത്. തേങ്ങയുണ്ടാകുന്ന മരം തെങ്ങുമായി. തേങ്ങ കേരളത്തിനു തെക്കുള്ള ദ്വീപുകളിൽ നിന്ന് വന്നതാവാം എന്ന നിഗമനത്തിലാണ് തെക്കുനിന്ന് വന്ന കായ് എന്നു പറയാൻ തുടങ്ങിയത്. നാളികേരം എന്നത് നാരുള്ള ഫലം എന്നതിന്റെ പാലി സമാനപദത്തിൽ നിന്നുമുണ്ടായതാണെന്നും വാദമുണ്ട്. കേരളത്തിന്റെ തെക്കൻ ഭാഗങ്ങളിലാണ് തെങ്ങ് കൂടുതലായും വളർന്നിരുന്നത്, അതിനാലാണ് തെങ്കായ് എന്നു പേരുവന്നതെന്നും വാദമുണ്ട്.**



### ഉത്ഭവം

**തെങ്ങ് ആദ്യം വളർന്നത് എവിടെയാണെന്ന കാര്യത്തിൽ ഇന്നുവരെ ശാസ്ത്രജ്ഞർ ഒരു ഒത്തുതീർപ്പിലെത്തിയിട്ടില്ല. ചിലർ അത് തെക്കേ അമേരിക്കയാണെന്നു കണക്കാക്കുന്നു. എന്നാൽ മറ്റുചിലർ അത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലാകണമെന്നാണ് കണക്കാക്കുന്നത്. വേറെ ചിലർ തെങ്ങ് ആദ്യം ഉണ്ടായത് പോളിനേഷ്യൻ ഭാഗങ്ങളിലെവിടെയോ ആണെന്നു കരുതുന്നു. ന്യൂസിലാന്റിൽ നിന്നു ലഭിച്ച ഒന്നരക്കോടി വർഷം പഴക്കമുള്ള ഫോസിലുകളിൽ തെങ്ങിനോടു സാദൃശ്യമുള്ള സസ്യത്തിന്റെ ഭാഗങ്ങൾ കണ്ടെടുത്തിട്ടുണ്ട്. എന്നാൽ ഇന്ത്യയുടെ പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്ന് തെങ്ങിന്റെ അതിലും പഴയ ഫോസിൽ അവശിഷ്ടങ്ങളും കണ്ടെടുത്തിട്ടുണ്ട്.**



### കേരളത്തിൽ

**പുരാതന കേരളത്തിൽ ആദ്യമായി കുടിയേറിയവർ ഇന്നത്തെ ആദിവാസികളുടെ പൂർവ്വികരായിരുന്നു. അവർ മലകളിൽ താമസിച്ച് വേട്ടയാടിയും മറ്റും ജീവിച്ചിരുന്നെങ്കിലും കൃഷിചെയ്തിരുന്നില്ല. എന്നാൽ സമുദ്രതീരങ്ങളും**

സമതലങ്ങളും വനങ്ങളില്ലാത്തതിനാൽ ഇവർ താമസയോഗ്യമാക്കിയില്ല. ഇവിടങ്ങളിൽ താമസിക്കാനാരംഭിച്ചത് കൃഷി അറിയാമായിരുന്ന അടുത്ത കുടിയേറ്റക്കാരാണ്. ഇവർ ദ്രാവിഡരെന്നു പറയുന്ന മെഡിറ്ററേനിയർ ആകണം എന്നാണ് ചരിത്രകാരന്മാർ കരുതുന്നത്. പിന്നീട് പൂർവ സമുദ്രത്തിൽ നിന്നും സിംഹളത്തിൽ നിന്നും ഈ പ്രദേശങ്ങളിലേക്ക് നിറയെ കുടിയേറ്റം ഉണ്ടായി. അവരാണ് അവരുടെ നാട്ടിൽ നിന്നും നാളികേരം കേരളത്തിലേക്ക് കൊണ്ടുവന്നത്. ഇവർ തന്നെയാവണം തെങ്ങ് നട്ടുവളർത്തിയിരുന്നത്. 16-ാം നൂറ്റാണ്ടിനു മുൻപ് മാവ്, പ്ലാവ് എന്നീ മരങ്ങൾക്കൊപ്പം നട്ടുവളർത്തിയിരുന്നതിൽ കവിഞ്ഞ് തെങ്ങുകൃഷി കേരളത്തിൽ വ്യാപകമായിരുന്നില്ല. ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥം രചിച്ച അക്കാലത്തെ ഡച്ച് ഗവർണറായിരുന്ന വാൻ റീഡിന്റെ പരാമർശങ്ങളിൽ തെങ്ങിനേക്കാൾ കൂടുതലും ഉള്ളത് കരിമ്പനയാണ്. "ഇടക്കിടക്ക് തലയാട്ടുന്ന കേരമരങ്ങൾ" എന്നു മാത്രമേ അദ്ദേഹം രേഖപ്പെടുത്തുന്നുള്ളൂ. 17-ാം നൂറ്റാണ്ടിനു മുന്ന് അലക്ഷ്യമായി വളർന്നു വന്ന തെങ്ങുകൾ ഒഴിച്ചാൽ തെങ്ങ് ശാസ്ത്രീയമായി കൃഷിചെയ്തിരുന്നില്ല എന്ന് കാണാം. വീട്ടാവശ്യങ്ങൾക്കും അതതു ദിക്കിലെ മറ്റാവശ്യങ്ങൾക്കും തെങ്ങുകൾ വളർത്തിയിരുന്നു.

1503-ൽ ക്യൂന്നിയാ മേറിയാ ദ്വീപിൽ നിന്നും പിടിച്ചെടുത്ത ഒരു കപ്പലിൽ നിന്നാണ് കപ്പലിനു വേണ്ട ആലാസുകൾ നിർമ്മിക്കാൻ ചകിരിയിൽ നിന്നുണ്ടാക്കുന്ന കയർ ഉപയോഗിക്കാമെന്ന് പോർത്തുഗീസുകാർ മനസ്സിലാക്കിയത്. അന്നു മുതൽ കയർ പ്രധാനപ്പെട്ട വ്യാപാരോത്പന്നമായി മാറുകയും തെങ്ങ് കൃഷി ചെയ്ത് വളർത്തുക എന്ന നടപടി പ്രചാരത്തിലാവുകയും ചെയ്തു. തെങ്ങിന്റെ ഓലയും തടിയും വ്യാപകമായി ഉപയോഗിച്ചിരുന്നു എങ്കിലും ആദ്യകാലങ്ങളിൽ വെളിച്ചെണ്ണയുടെ ഉപയോഗം പരിമിതമായിരുന്നു. വിളക്കു കത്തിക്കാൻ മേൽ ജാതിക്കാർ വരെ ഉപയോഗപ്പെടുത്തിയിരുന്നത് പുന്നക്കയുടെ എണ്ണയായിരുന്നു എന്ന് വാർഡും കോണറും സാക്ഷ്യപ്പെടുത്തുന്നത് ഇതിന് തെളിവാണ്.



ഉപ്പു വെള്ളമുള്ള സ്ഥലങ്ങളിലും തെങ്ങ് നന്നായി വളരും- ചെമ്മീൻ കെട്ടിനു വശങ്ങളിലായി തെങ്ങ് കൃഷി ചെയ്യുന്ന ദൃശ്യം

കേരളത്തിന്റെ തെങ്ങുകൃഷിയുടെ നിർണ്ണായകമായ വഴിത്തിരിവ് ഡച്ചുകാരുടെ കാലത്താണ് ഉണ്ടായത്. തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും പല ഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്ന 49 തെങ്ങിൻ തോപ്പുകൾ അവർക്കുണ്ടായിരുന്നു. ആ തോട്ടങ്ങൾ വളരെ ശാസ്ത്രീയമായ രീതിയിലാണ് പരിപാലിക്കപ്പെട്ടിരുന്നത്. ഇത് 25 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു. ഡച്ചുകാർക്ക് വേണ്ടി നാട്ടുകാർ പരിപാലിച്ചു വന്ന ഈ തോട്ടങ്ങൾ മറ്റു കർഷകർക്ക് മാതൃകയായിത്തീർന്നു. അങ്ങനെ വ്യവസ്ഥാപിതമായ കൃഷി എന്ന രീതിയിൽ കേരളത്തിൽ തെങ്ങുകൃഷി തുടങ്ങുന്നത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മാത്രമാണ്. കേരളത്തിൽ ഇന്ന് കാണുന്നരീതിയിൽ 75 ശതമാനവും തെങ്ങുകൃഷിയുടെ വർദ്ധനവ് 20-ാം നൂറ്റാണ്ടിൽ ഉണ്ടായതാണ്.




തേങ്ങാവെള്ളത്തിന്റെ ഔഷധഗുണങ്ങൾ

- കുട്ടികളിലെ ദഹനക്കേട് മാറ്റുന്നതിന്.
- നിർജലീകരണ പരിഹാരത്തിന് ഉപയോഗിക്കാം
- അടങ്ങിയിരിക്കുന്ന ഓർഗാനിക്ക് പദാർത്ഥങ്ങൾ വളർച്ചയെ സഹായിക്കുന്നു.
- ശരീരത്തെ തണുപ്പിക്കുന്നു.
- ചൂടുകുരുക്കൾ മാറാനും, ചിക്കൻപോക്സ്, വസൂരി എന്നിവമൂലമുണ്ടാകുന്ന പാടുകൾ മാറാനും.
- കുടൽ വിരകളെ നശിപ്പിക്കുന്നു.
- മൂത്രസംബന്ധമായ രോഗസംക്രമം തടയുന്നു.
- മൂത്രത്തിലെ കല്ലിനെ അലിയിക്കുന്നു.
- ഞരമ്പുകളിലൂടെ നേരിട്ടുകൊടുക്കാവുന്നതാണ് .
- ശരീരം പെട്ടെന്നാഗിരണം ചെയ്യുന്നതുകൊണ്ട് നിർജ്ജലീകരണം തടയുന്നു
- കരിക്കിൻ വെള്ളം ദാഹത്തെ ശമിപ്പിക്കുകയും വയറിളക്കത്തിനുത്തമമായ ഔഷധവുമാണ്.
- ഹൃദ്രോഗം, അതിസാരം, വിഷൂചിക എന്നീ രോഗങ്ങളിലും നാളികേരവെള്ളം പാനീയമായി ഉപയോഗിക്കാം.
- ഹൃദ്രോഗികൾ ഉപ്പ് കഴിക്കാതെയിരിക്കുന്നതു കൊണ്ടുള്ള ശരീരക്ഷീണത്തിനുത്തമമാണിത്.
- തേങ്ങക്ക് വാജീകരണ ശക്തിയുണ്ട്. ശുക്ലം വർദ്ധിപ്പിക്കുന്നു.
- ആർത്തവത്തെ ക്രമപ്പെടുത്താനും ശരീരം പുഷ്ടിപ്പെടുത്താനും തേങ്ങക്ക് കഴിവുണ്ട്.
- തെങ്ങിൻ കള്ളും ശരീരപുഷ്ടിയുണ്ടാക്കും.

# എസ്. ബി. ഐ. പെൻഷനേഴ്സ അസോസിയേഷൻ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2020 ഓഗസ്റ്റ് മാസത്തിലെ ഭരണ സമിതി യോഗം 22–ാം തിയതി ചൊവ്വാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് സൂം മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## കരുതൽ ശേഖരത്തിലേയ്ക്ക് 1.17 ലക്ഷം കോടി രൂപയുടെ യു.എസ്. കറൻസി വാങ്ങി ആർ.ബി.ഐ.

വിദേശ നാണ്യ കരുതൽ ശേഖരത്തിലേയ്ക്ക് 1.17 ലക്ഷം കോടി രൂപയുടെ യു.എസ്. കറൻസി വാങ്ങി ആർ.ബി.ഐ. ജൂലൈ മാസത്തിൽ 1690.3 കോടി ഡോളർ വാങ്ങിയപ്പോൾ വിറ്റഴിച്ചത് 93 കോടി ഡോളർ മാത്രമാണ്. മേയിൽ 436.3 കോടി ഡോളറും ജൂണിൽ 981.4 കോടി ഡോളറും റിസർവ് ബാങ്ക് വാങ്ങിയിരുന്നു.


## ടൈറ്റൻ കൊണ്ടാക്റ്റ്ലെസ്സ് പേയ്മെന്റ് വാച്ച് സംരംഭവുമായി ചേർന്ന് എസ്.ബി.ഐ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 'യോനോ എസ്.ബി.ഐ' ഉപയോഗപ്പെടുത്തിയുള്ള പേ വാച്ചുകൾ വാച്ച് നിർമ്മാതാക്കളായ ടൈറ്റൻ വിപണിയിൽ അവതരിപ്പിച്ചു. ഇതിലൂടെ പിൻ നല്കാതെ 2000 രൂപയുടെ വരെയുള്ള ഇടപാടുകൾ നടത്താം. 20 ലക്ഷത്തോളം വരുന്ന മാസ്റ്റർ കാർഡ് എനേബിൾഡ് പി.ഒ.എസ്. മെഷീനുകളിൽ പേയ്മെന്റ് നടത്താം. വാച്ചിന്റെ സ്ട്രാപ്പിൽ സുരക്ഷിതമായി നിമഗ്നമാക്കിയ സർട്ടിഫൈഡ് നിയർഫീൽഡ് കമ്മ്യൂണിക്കേഷൻ ചിപ് (എൻ.എഫ്.സി) മുഖേനയാണ് ഇടപാടുകൾ സാദ്ധ്യമാക്കുന്നത്.



ടൈറ്റൻ പേ വാച്ചുകൾ

## രാജ്യത്തിന്റെ സാമ്പത്തിക വളർച്ച –23.9% എന്ന നിലയിലേയ്ക്ക് താഴ്ന്നു




ഈ വർഷത്തെ ഏപ്രിൽ–ജൂൺ അവസാനിച്ച ആദ്യ പാദത്തിലെ സാമ്പത്തിക അവലോകനത്തിന്റെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച –23.9% എന്ന നിലയിലേയ്ക്ക് താഴ്ന്നു. കഴിഞ്ഞ 41 വർഷത്തിലെ ഏറ്റവും വലിയ തകർച്ചയാണിത്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 8.1% വളർച്ച രേഖപ്പെടുത്തിയിരുന്നു. മറ്റ് പ്രധാന രാജ്യങ്ങളുടെ സാമ്പത്തിക തകർച്ച മുകളിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. തർച്ചയിൽ ഒന്നാമൻ ഇന്ത്യ തന്നെ.



വിലക്കയറ്റത്തിനൊപ്പം ഉല്പ്പാദന ഇടിവും, രാജ്യം ഭീതി ജനകമായ സ്റ്റാഗ്ഫ്ളേഷനിലേയ്ക്ക്...

വിലക്കയറ്റത്തിന് സാമ്പത്തിക രംഗത്ത് വില്ലൻ വേഷമാണ്. സമ്പദ് വ്യവസ്ഥയിൽ വില നിലവാരം വർദ്ധിക്കുന്നതിനെയാണ് വിലക്കയറ്റം എന്നു നിർവചിക്കുന്നത്. വിലക്കയറ്റം വർദ്ധിക്കുമ്പോൾ കറൻസിയുടെ വാങ്ങൽ ശക്തി കുറയുകയാണു ചെയ്യുന്നത്. ലളിതമായി പറഞ്ഞാൽ അതേ പണം കൊണ്ട് വാങ്ങാവുന്ന സാധനങ്ങളുടെ എണ്ണം കുറയുന്നു. വിലക്കയറ്റത്തോടൊപ്പം ഉല്പാദന രംഗം നിശ്ചലമാവുക കൂടി ചെയ്താൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും. നാണയപ്പെരുപ്പത്തോടൊപ്പം ഉല്പാദന നിശ്ചലതകൂടി അനുഭവപ്പെടുന്ന ഈ സ്ഥിതി വിശേഷത്തെയാണ് സ്റ്റാഗ്ഫ്ളേഷൻ (Stagflation) എന്നു പറയുന്നത്.

## വർദ്ധിക്കുന്ന പണപ്പെരുപ്പ നിരക്ക്

ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന പണപ്പെരുപ്പനിരക്ക് ഉയർന്ന പരിധിയായ 6 ശതമാനമെന്നത് തുടർച്ചയായ അഞ്ചാം മാസവും മറികടന്നു. 2020 ഓഗസ്റ്റില് **6.69** ശതമാനമാണിത്. ഉയരുന്ന ഈ നിരക്കിനു പ്രധാന കാരണം ഭക്ഷ്യ സാധനങ്ങളുടെ വർദ്ധിക്കുന്ന വിലയാണ്. ഓഗസ്റ്റ് മാസം ഭക്ഷ്യ സാധനങ്ങൾക്ക് 9 ശതമാനമാണ് വില കൂടിയത്.




# LIFE IS SHORT

**Joseph Thekkanal**



Life is short, the span is unpredictable,
Mortality, the only certainty in life,
And the entire human race is under its cloud.
Yet man is chasing life as if he is immortal,
Amassing wealth,
in treacherous and fraudulent ways,
Hating and revenging his brethren,
Living a wicked and iniquitous life,
Turning blind eye and deaf year to the needy and oppressed.
Empty handed we came to the world,
Destined to leave the world as well,
Uncertainties hang as a sword above our head,
In the blink of an eye everything can change,
Literally we live in a state of helplessness.
Life is like a drop of mist,
Which vanishes away with sun rise.
Let us surrender ourselves to God,
Who knows better what best is in store for us,
Forgive others, not for their sake but for our peace,
Let go ego and let us seek humility,
By opening up our hearts for the Lord, our God.

# കൗതുക വാർത്തകൾ

**1922ൽ ഇരിങ്ങാലക്കുട – കല്ലേറ്റുംകര റൂട്ടിൽ സർവീസ് നടത്തിയിരുന്ന ബസ്. അന്ന് ഈ മോഡൽ ബസ് തിരുവിതാംകൂറിൽ ത്തന്നെ ആദ്യത്തേതായിരുന്നു.**



## 1895ലെ ആംബുലൻസ്



ഒരു കാലത്ത് ഇതായിരുന്നു ആംബുലൻസ് !!.

## എറണാകുളം ടെർമിനസ് റെയിൽവേ സ്റ്റേഷൻ കൊച്ചി അന്നും...



118 വർഷങ്ങൾക്ക് മുൻപ് 1902ൽ കൊച്ചി മഹാരാജാ രാമവർമത്തമ്പുരാൻ ഉത്ഘാടനം ചെയ്ത എറണാകുളം ടെർമിനസ് റെയിൽവേ സ്റ്റേഷൻ, കൊച്ചി.

## .....ഇന്നും



1990ൽ പ്രവർത്തനം നിലച്ചതോടെ ഇന്നത്തെ അവസ്ഥ.




ഇൻഡോനേഷ്യയുടെ കറൻസിയിൽ ഗണേശ വിഗ്രഹത്തിന്റെ ചിത്രം!!.

## വായനക്കാർ എഴുതുന്നു........




### ആരാണ് യുദ്ധം ആഗ്രഹിക്കുന്നത്?

നോക്കു, യുക്തിയുടെ ഏറ്റവും നികൃഷ്ടമായ പ്രവർത്തിയാണ് യുദ്ധം. ഒരോ യുദ്ധത്തിനും ആ യുദ്ധത്തെ സാധുകരിക്കുന്ന ഒരു കാരണം കണ്ടുപിടിക്കും.

ഈ പ്രപഞ്ചത്തിലെ മനുഷ്യർ മാത്രമേ യുദ്ധം ചെയ്യുന്നുള്ളൂ. മറ്റൊരു വർഗ്ഗവും യുദ്ധത്തിന്റെ സർവ നാശത്തിലേക്കു പോകുന്നില്ല. എന്തെന്നാൽ അവർക്കു കാരണങ്ങളില്ല. മനുഷ്യൻ യുക്തിയിൽ ജീവിക്കുന്നത് കൊണ്ട് ഒരോ കാര്യത്തിനും യുക്തി കാണുക മാത്രമല്ല അതിനെ ന്യായീകരിക്കുകയും ചെയ്യും.

മൃഗങ്ങൾ നമുക്കറിയാം ആഹാരത്തിനു വേണ്ടി ഇരയെ കൊല്ലുന്നു. ബാക്കി എല്ലാത്തിനെയും വെറുതെ വിടുന്നു. ഒരുപക്ഷെ യുക്തിയെ അതി ജീവിച്ചു ദൈവികതയിലേക്കെത്തിയാൽ അവൻ യുദ്ധം നിറുത്തുമായിരിക്കാം.

**രാജേന്ദ്രൻ നായർ.കെ.**, എജിഎസ്, സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ തിരുവനന്തപുരം (9495746344)

## ജീവന്റെ വില കുഞ്ഞുങ്ങളെ പഠിപ്പിക്കണം

ജീവന്റെ വില ഇന്നു അധികമാർക്കും അറിഞ്ഞു കൂടാത്തതു കൊണ്ട് മനുഷ്യനു മരണ ഭീതി തീരെയില്ലാതായി. ഒരു മരണവും ആരേയും ആഴത്തിൽ വേദനപ്പിക്കാത്ത അവസ്ഥ. മരണ വീടുകൾ കണ്ടാൽ എന്തോ സന്തോഷം നടക്കുന്നിടം എന്ന തോന്നൽ വരുത്തുന്നു. ഈ നൂറ്റാണ്ടിലെ കുഞ്ഞുങ്ങൾ ജീവനും മരണവും തമ്മിലുള്ള വ്യത്യാസം പഠിക്കാത്തവരെന്ന ഒരു ഒരവസ്ഥ ! എന്നും കൊലയുടെ വാർത്തകൾ !

വെറും പത്രവിശേഷമായി വായിച്ചു വിടുന്നു ചാനലുകൾ അതു പറ്റിയ പരസ്യ വേളകളാക്കി പണം കൊയ്യുന്നു. അരുംകൊലകളുടെ സി.സീ.ടി.വി ദൃശ്യങ്ങൾ മുറിച്ച് ഇടവേളകൾ വരുന്നു !

ഹോ ! ഭയാനകം! ജീവന്റെ വില ആരും ആരെയും എങ്ങും പഠിപ്പിക്കുന്നില്ല. ആ നില മാറണം. അഹിംസ എന്ന സിദ്ധാന്തം പുതുക്കി സ്ഥാപിക്കണം.

സ്വയം മരിക്കാനും ആരേയും കൊല്ലാനുമല്ല മനുഷ്യനു ഒരു ജീവിതം കിട്ടിയിരിക്കുന്നതെന്നു പാഠ്യപദ്ധതിയിൽ വിഷയമാക്കി പഠിപ്പിക്കേണ്ട സമയം വൈകിയിരിക്കുന്നു. ഒയാസിസിന്റെ ആഗസ്റ്റ് ലക്കം മനോഹരമായി. അഭിനന്ദനങ്ങൾ!!

**പി.പി.ഫിലിപ്പ്**

## 'ഒയാസിസ്'

കോട്ടയം ജില്ലാ യൂണിറ്റിന്റെ മരുപ്പച്ചയിൽ നിന്നുള്ള അരുവിയിലെ തെളിനീര് കേരളമെമ്പാടുമുള്ള പെൻഷൻകാരുടെ ആത്മാവിനു് കുളിരേകി ഒരു സമാശ്വാസമായി, ഒരു വ്യത്യസ്ത അനുഭവമായി ഈ മഹാമാരിയുടെ കാലത്തും നമ്മെ തഴുകുന്നു. സാരഥികളായ മാത്യൂ അടക്കാമുണ്ടയ്ക്കൽ, എം.ജി.രാഘവൻ,പി.എം.ജേക്കബ്ബ് തുടങ്ങി കോട്ടയം ജില്ലാ യൂണിറ്റിലെ എല്ലാ അനുഭവസമ്പന്നരായ മറ്റ് അതികായരേയും അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. അനുമോദനങ്ങളുടെ പൂച്ചെണ്ടുകൾ. ഇടുക്കി ജില്ലാ കേന്ദ്രത്തിന്റെ മാതൃഘടകം കോട്ടയം ആയിരുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. എസ്. ബി. ഐ. പെൻഷനേഴ്സ അസോസിയേഷന്റെ വെന്നിക്കൊടി ഉത്തുംഗ ശൃംഗങ്ങളിൽ ആകാശം മുട്ടെ പാറട്ടെ!

റ്റി.ജെ.ജോസഫ്
ജില്ലാ പ്രസിഡന്റ്, ഇടുക്കി

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ സെപ്റ്റംബർ** മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ഓഗസ്റ്റ് മാസം 11ന് നിയന്ത്രിതമായി ഓൺലൈനില്ക്കൂടി നടത്തി. **അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഓഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് 11-ാം തീയതി വെള്ളിയാഴ്ച്ച 11.30ന് ഓൺലൈനിൽ നടത്തി. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി - വട്ടമെത്തി**
2. **25,000 രൂപായുടെ കുറി - വട്ടമെത്തി**
3. **50,000 രൂപായുടെ കുറി - വട്ടമെത്തി**
4. **100,000 രൂപായുടെ കുറി** -(96) ശ്രീ. ബേബി തോമസ്, കാഞ്ഞിരത്തിനാൽ
5. **100,000 രൂപായുടെ കുറി** - (117) ശ്രീ. കെ.കെ. കുര്യൻ, മരിയാഭവൻ
6. **100,000 രൂപായുടെ കുറി** -(140) ശ്രീമതി. ഫിലോമിന ജോസ്
7. 100,000 രൂപായുടെ കുറി - (155) ശ്രീ.രാജമോഹനൻ നായർ.പി.എസ്.

നറുക്കെടുപ്പിൽ വിജയിച്ചവർക്ക് ഒക്റ്റോബർ മാസം 9-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു.

## ക്ലെയിം ചെയ്യുന്നതിന്

**ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചുതരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള 2 "എ"ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ രണ്ടിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ :-**

1.ശ്രീ. കെ.കെ.മുരളീധരൻ, കുറ്റിയേൽ വീട്, ശ്രീകണ്ഠമംഗലം
2. സി.എൻ.കോമളകുമാരി, വിഷ്ണുഭവൻ കുഴിമറ്റം

## സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീമതി.ഡെയ്സി ജോസ്, ചെറുശ്ശേരി, ചുങ്കം,
2. ശ്രീമതി.ബിർലി കെ മാത്യു, പടനിലം
3. ശ്രീ. വിഷ്ണു.വി.നായർ വിഷ്ണുഭവൻ കുഴിമറ്റം

## നവാഗതർക്ക് സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഈ മാസം ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി 28-ാം തിയതി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു.

### ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും രണ്ടും കുറികൾ വട്ടമെത്തു ന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ്.കുറി ഉടൻ ആരംഭിക്കുകയാണ്. വട്ട മെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.

## സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം ഓൺലൈനിൽ സെപ്റ്റംബർ 5ന് ഞായറഴ്ച്ച നടന്നു. ഒൻപത് പേർ പങ്കെടുത്തു. ജില്ല പ്രസിഡന്റ് ശ്രീ. റ്റി.ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി.എം.ജോർജ്ജ് സ്വാഗതം ആശംസിച്ചു.



ഇടുക്കി ജില്ലാ ഘടകത്തിന്റെ എക്സിക്യൂട്ടിവ് കമ്മറ്റി യുടെ യോഗം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തിയ പ്പോൾ

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് മാർച്ച് അവസാനത്തെ വാർഷിക റിപ്പോർട്ട് എന്നിവ ജില്ലാ സെക്രട്ടറി പി.എം.ജോർജ്ജ് യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീ കരിച്ചു. വാർഷിക കണക്കുകൾ, മാസ്സാന്ത്യ കണക്കുകൾ എന്നിവ ജില്ലാ ട്രഷറർ എം.ഐ.ഗോപാലൻ, അവതരിപ്പിച്ചു ചർച്ച ചെയ്ത് അംഗീകരിച്ചു. അദ്ധ്യക്ഷൻ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ചു കിട്ടിയ ഡിസ്പെൻസറി സൗകര്യം ഇപ്പോഴത്തെ കൊവിഡ് - 19 മഹാമാരിയുടെ കാലഘട്ടത്തിൽ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചു. ജോയിന്റ് സെക്രെട്ടറി കെ.ജെ.ജോണി, കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം വൈകന്നേരം 4.15 മണിക്ക് അവസാനിച്ചു.

## സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മറ്റി യോഗം

വളരെ ചിട്ടയോടെ, കൃത്യതയാർന്നതും ഫലപ്രദവുമായ നടത്തിപ്പിലൂടെ, പ്രതീക്ഷകൾക്കും എത്രയോ അപ്പുറത്തെ വിജയം കൈവരിച്ച രണ്ടു ദിവസത്തെ സംസ്ഥാന കമ്മിറ്റിയോഗം. നിർവാഹക സമിതി ഓൺലൈൻ മീറ്റിങ്ങായി നടത്താമെന്ന ആശയം അംഗീകരിച്ച നിമിഷത്തിൽ ആശങ്കകളായിരുന്നു ഏറെയും.

അത്തരം ആശങ്കകളെ പൂർണമായും അസ്ഥാനത്താക്കി നമ്മളത് പരിപൂർണ്ണ വിജയമാക്കി എന്നതിൽ ഏവർക്കും അഭിമാനിക്കാം. സമയനിഷ്ഠ, വിഷയങ്ങളിൽ പാലിച്ച ഗൗരവമാർന്ന നിലപാടുകൾ, ഒരാൾ പോലും മാറിനിൽക്കാ തെയുള്ള സമ്പൂർണ്ണ പങ്കാളിത്തം, എല്ലാവർക്കും സ്വീകാര്യമായ സംശയരഹിതമായ അന്തിമ തീരുമാനങ്ങൾ. ഇതിലപ്പുറം ഇനിയെന്ത് വേണം എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ എന്ന സംഘടനയുടെ നടത്തിപ്പിനേക്കുറിച്ച് വിലയിരുത്താൻ? ഏത് കോവിഡ് പ്രതിസന്ധിയെയും പ്രതിരോധിക്കാനും അതിജീവിക്കുവാ നുള്ള കരുത്തും ഊർജ്ജവും നമ്മൾക്കേവർക്കും ഉണ്ട്.

ചർച്ചചെയ്ത് തീരുമാനം കൈക്കൊണ്ട വിഷയ ങ്ങളിൽ ഏറ്റവും തിളക്കമുള്ളത് '

**എൺപത്തഞ്ച് വയസ്സ് പൂർത്തിയാക്കിയ നമ്മുടെ മുതിർന്ന അംഗങ്ങൾക്ക് ആദരസൂചകമായി നൽകി വരുന്ന അഞ്ചായിരം രൂപയുടെ സമ്മാനം, സ്കിം നടപ്പിൽ വരുത്തിയ 2019 ജനുവരി ഒന്നിന് മുൻപുള്ളവർക്കും നൽകാൻ തീരുമാനിച്ചു** എന്നതാണ്.



**സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മറ്റി മീറ്റിംഗ് സെപ്റ്റംബർ മാസത്തിൽ 12 ന് ശനിയാഴ്ച്ച ഓൺലൈനിൽ നടത്തിയപ്പോൾ**

കേവലം സാങ്കേതികയുടെ പേരിൽ ഈയൊരു ആനുകൂല്യത്തിൽ നിന്നും പുറത്തു നിൽക്കേണ്ടി വന്ന വിരലിലെണ്ണാവുന്ന ചുരുക്കം ചിലരുടെ മനോവേദന പലരിലൂടെ നമ്മുടെ ശ്രദ്ധയിൽപ്പെടുകയും സ്വാസ്ഥ്യം കെടുത്തുന്ന ഒന്നായിഅത് മാറുകയും ചെയ്തു. ഏതായാലും വൈകിയാണെങ്കിലും നമുക്കത് പരിഹരിക്കാൻ കഴിഞ്ഞു എന്നതാണ് മീറ്റിങ്ങിന്റെ ശ്രദ്ധേയമായ നേട്ടം. അർഹരായ എല്ലാവരുടെയും അക്കൗണ്ട്കളിലേക്ക് പ്രസ്തുത സംഖ്യ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് അറിയിക്കുന്നു.



.

എ ജയകുമാർ
സംസ്ഥാന ജനറൽ സെക്രട്ടറി

## ആനന്ദ് രതി ഇൻഷൂറൻസ് ബ്രോക്കേഴ്സ് കമ്പനിയുമായി ഓൺലൈൻ മീറ്റിങ്

**21.09.2020** തിങ്കളാഴ്ച്ച ആനന്ദ് രതി ഇൻഷൂറൻസ് ബ്രോക്കേഴ്സ് കമ്പനി ഭാരവാഹികളും നമ്മുടെ അസ്സോസിയേഷന്റെ ഭാരവാഹികളും പങ്കെടുത്ത ഒരു ഓൺലൈൻ മീറ്റിങ് നടത്തിയിരുന്നു.. അടുത്ത കാലത്തായി ബാങ്ക് നടപ്പിൽ വരുത്തിയ ഇ ഫാർമസി പദ്ധതിയെ കുറിച്ചുള്ള ദീർഘമായ അവതരണത്തിൽ ഈ ഫാർമസി പദ്ധതിയെ കുറിച്ചുള്ള വളരെ വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു. സൂം ഫ്ളാറ്റ് ഫോമിൽ നടത്തിയ പ്രസ്തുത ഓൺലൈൻ മീറ്റിങ്ങിന്റെ ഒരുക്കങ്ങളും മറ്റ് തെയ്യാറെടുപ്പുകളും നടത്തിയത് ആനന്ദ് രതി കമ്പനിയായിരുന്നു. ബാങ്കിന്റെ ആറ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പരിധിയിൽ നിന്നും മൂന്ന് പേരെ വീതമായിരുന്നു മീറ്റിങ്ങി ലേക്ക് വിളിച്ചിരുന്നത്.

പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഡിജിഎസ്, എജിഎസ്, ജില്ലാ സെക്രട്ടറിമാരടങ്ങിയ നമ്മുടെ ടീമും രാജൻ ശ്രീ വാസ്തവ, അഭിലാഷ് വർമ്മ, സ്റ്റെഫിൻ തോമസ് എന്നിവരടങ്ങുന്ന ആനന്ദ് രതി ടീമുമടങ്ങിയ മീറ്റിങ്ങ് രാവിലെ പതിനൊന്നു മണിക്ക് തുടങ്ങി രണ്ടു മണിക്ക് തൊട്ട് മുൻപ് അവസാനിച്ചു. ആനന്ദ് രതിയുടെ അസി. ഡയരക്ടർ രാജൻ ശ്രീ വാസ്തവയുടെ വളരെ ദീർഘമായ അവതരണത്തിൽ ഈ ഫാർമസി പദ്ധതിക്ക് കേരളത്തിൽ പ്രതീക്ഷിച്ചത്ര സ്വീകാര്യത ലഭിച്ചില്ലെന്നും അതിന്റെ യഥാർത്ഥ കാര്യകാരണങ്ങൾ നമ്മളിൽനിന്നും അറിയാനും താത്പര്യം പ്രകടിപ്പിച്ചു. ഇ ഫാർമസി പദ്ധതി യിൽ അഖിലേന്ത്യാ തലത്തിൽ വിവിധ സർക്കിളുകളിൽ റജിസ്റ്റർ ചെയ്തവർ, മരുന്ന് ലഭ്യമായവർ, ഓർഡറുകൾ നിരാകരിച്ചത്, ഓർഡറുകൾ പൂർത്തിയാക്കിയത് പ്രകാരം ലഭ്യമായ വില എന്നിത്യാദി കാര്യങ്ങൾ അടങ്ങിയ വിശദമായ സ്ലൈഡുകൾ അദ്ദേഹം പ്രദർശിപ്പിച്ചു വിവരിച്ചു. മറ്റ് സർക്കിളുകളെ അപേക്ഷിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്തവരുടെ അംഗസംഖ്യ കുറവാണെന്നും അത് പരിഹരിക്കേണ്ടുന്നതിലേക്ക് നമ്മുടെ അസ്സോസിയേഷന്റെ സഹകരണം അഭ്യർത്ഥിച്ചു കൊണ്ടും അദ്ദേഹം ചർച്ചയിലേക്ക്നമ്മെ ക്ഷണിച്ചു.

പ്രസിഡന്റ് ശ്രീ രാജീവൻ, ഇൻഷൂറൻസ് ക്ളെയിം ബില്ലുകൾ സംബന്ധമായി പെൻഷനേഴ്സ് അനുഭവിച്ചു വരുന്ന വിഷമങ്ങൾ വിശദമായി അവതരിപ്പിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ ജയകുമാർ. ഡിജിഎസുമാരായ സ.ശ്രീ ജോസ് മെർസിലിൻ, ജോസഫ് പാലയ്ക്കൽ, മാത്യു അടക്കാമുണ്ടക്കൽ, സുരേന്ദ്രനാഥ് ഭാസ്, ജില്ലാ സെക്രട്ടറിമാരായ സി.ജി രാജഗോപാൽ, വിജി ചിദംബരൻ, വി എൽ ജോസഫ് എന്നിവർ ഇൻഷൂറൻസ് സ്കീമിനെ പൊതുവേയും ഇഫാർമസിയിലൂടെ മരുന്നുകൾ കിട്ടുമ്പോഴുള്ള ഒരുപാട് വൈഷമ്യങ്ങൾ, ആവശ്യപ്പെട്ട മരുന്നുകൾ പൂർണമായും ലഭ്യമാകാത്ത അവസ്ഥ, ഏകപക്ഷീയമായി ഓർഡറുകൾ കാൻസൽ ചെയ്യുന്നത്, കാഷ്ലസ് ട്രീറ്റ്മെന്റിൽ ഡിസ്ചാർജിന് വരുത്തുന്ന അനാവശ്യമായ വൈകിപ്പിക്കൽ തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ പങ്ക് വെച്ചു. ശ്രീ രാജൻ ശ്രീ വാസ്തവ നമ്മൾ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ പൂർണമായും ഉൾക്കൊള്ളുകയും പ്രശ്നപരിഹാരത്തിന് കൃത്യമായ നടപടികൾ കൈക്കൊള്ളുമെന്നും ഉറപ്പ് നൽകി. ഇത് പ്രകാരം മുൻഇഷൂറൻസ് കമ്പനികളിൽ നിന്നും ലഭിക്കാൻ ശേഷിപ്പുള്ള ബില്ലുകൾ വീണ്ടും പരിഗണനക്ക് വിധേയമാക്കി പാസ്സാക്കിയെടുക്കാനുള്ള ആത്മാർത്ഥമായ ശ്രമം അദ്ദേഹം ഉറപ്പു നൽകി. ഇ ഫാർമസിയിൽ കേരള സർക്കിളിലെ എല്ലാ പോളിസി ബി ഉപഭോക്താക്ക ളുടെയും രജിസ്ട്രേഷന് വേണ്ടിയുള്ള പൂർണമായ സഹകരണം നമ്മളും ഉറപ്പ് നൽകി. ജോസഫ് പാലയ്ക്കലിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

## കോഴിക്കോട്ട് ജില്ലാ എക്സിക്യൂട്ടിവ് ' കമ്മറ്റി യോഗം

എസ്.ബി.ഐ. പെൻഷനേഴ്സു് അസോസിയേഷന്റെ കോഴിക്കോട്ട് ജില്ലാ കമ്മറ്റി യോഗം സെപ്തംബർ 6 ഞായറാഴ്ച ഓൺലൈൻ ആയി നടന്നു ' 17 ൽ 14 കമ്മറ്റി മെമ്പർമാരും 3 ഓഫീസു ബെയറർമാരും പങ്കെടുത്തു. ജില്ലാ പ്രസിഡണ്ട് ശ്രീ ടി ബാലഗോപാല മേനോൻ അദ്ധ്യക്ഷനായി.

ഇതുവരെ കമ്മറ്റി മീറ്റിംഗ് നടക്കാത്തതിന്റെ പശ്ചാത്തലം സെക്രട്ടറി വിശദീകരിച്ചു. കോഴിക്കോട്ടെ ക്ലിനിക്ക് നല്ല രീതിയിൽ പ്രവത്തിക്കുന്നുണ്ട് എന്നതിനോട് എല്ലാവരും യോജിച്ചു. 20 വർഷത്തിൽ താഴെ സർവ്വീസു പൂത്തിയാക്കിയ ജില്ലയിലെ രണ്ട് പേർക്ക് പെൻഷൻ കിട്ടിത്തുടങ്ങി. തുടർന്ന് ജോസ് മർസലീൻ സ്ട്രക്ച്ചേർഡ് മീറ്റിംഗിനുള്ള അജണ്ട മാനേജ്മെന്റിന് നൽകിയിട്ടുണ്ട് എന്ന് പറഞ്ഞു. ഫാമിലി പെഷനിലുള്ള തെറ്റുകൾ താനും രാമനാരായണനും കൂടി പരിശോധിച്ചെന്നും ചെയ്തെന്നും 113 എണ്ണം ശരിയല്ല എന്നും വിശദീകരിച്ചു. ഇതെല്ലാം ജനറൽ സെക്രട്ടറിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട് എന്നും പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ ഈ കൊല്ലത്തെ ബുള്ളറ്റിൻ എല്ലാം കൂടി 50 പേജിൽ ഒററ ലക്കമായി ഉടൻ ഇറങ്ങുമെന്ന് പറഞ്ഞു. ' കോവിഡിനു വേണ്ടി പിരിച്ച തുക എങ്ങിനെ ബാങ്ക് ഉപയോഗിച്ചു എന്നറിയണമെന്ന് സി പത്മനാഭൻ ആവശ്യപ്പെട്ടു. വിനോദ് ഡേവിസ് നന്ദി പറഞ്ഞു.

## എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി സെപ്തംബർ 24ന് ത്രൈമാസ ചർച്ചാ യോഗം നടത്തി. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ.ജനറൽ മനേജർ ശ്രീ.വി.സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. അദ്ദേഹത്തെ സഹായിക്കാനായി ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ ശ്രീ അജിത് ലാൽ ഉം ഉണ്ടായിരുന്നു . കൂടാതെ ബാങ്കിന്റെ ഭാഗത്തുനിന്ന് എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) ഉം വീഡിയോ കോൺഫെറെൻസ് വഴിയും അല്ലാതെയും സന്നിഹതയിരു ന്നു.



കോട്ടയം ജില്ലാ ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടക്കൽ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് എന്നിവർ ചർച്ചയിൽ പങ്കെടുക്കുന്നു.

കോട്ടയം ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ, ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടക്കൽ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ശ്രീ. തോമസ് . പി. മാത്യു, ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റ് , ശ്രീ ഉമാപതി.കെ, ജോയിന്റ് സെക്രട്ടറി ആലപ്പുഴ എന്നിവർ വീഡിയോ കോണ്ഫറന്സുവഴി യഥാക്രമം മാവേലിക്കര, ആലപ്പുഴ റീജിയണൽ ബിസ്സിനസ്സ് ഓഫീസുകളിൽ നിന്നും മീറ്റിംഗിൽ ചേർന്നു.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ ശ്രീ. വി. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവിനേയും ചിത്രത്തിൽ കാണാം.

ചീഫ് മാനേജർ (എച്ച്.ആർ.) ശ്രീ കോശി മാത്യു സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് വായിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. അദ്ധ്യക്ഷൻ ബഹു ഡെ. ജനറൽ മാനേജർ സംഘടനാ പ്രതിനിധികളെ അഭിസംബോധന ചെയ്തു സംസാരിച്ചു കൊണ്ടാണ് തുടങ്ങിയത്. ജേഷ്ട സഹോദരങ്ങളായ സീനിയർസ് കോവിഡ്ന്റെ നിയന്ത്രണങ്ങളിൽ വളരെ വിഷമം പിടിച്ച കാലഘട്ടത്തിൽ കൂടിയാണ് കടന്ന് പോകുന്നെതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് ചീഫ് മാനേജർ (എച്ച്.ആർ.) ശ്രീ കോശി മാത്യു, കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് വായിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ സംഘടനാ പ്രതിനിധികളെ മീറ്റിംഗിലേയ്ക്ക് ക്ഷണിച്ചതിനും റിട്ടയറിസിന്റെ സങ്കടങ്ങളും പരാതികളും അവതരിപ്പിക്കുന്നതിന് അവസരം തന്നതിനും ഡെ. ജനറൽ മാനേജരോട് നന്ദി പറഞ്ഞു. ഇതര വിഷയങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം വളരെ അനുഭാവപൂർണമാണെന്നു സൂചിപ്പിച്ചു . പല പ്രശനങ്ങളും ചീഫ് മാനേജർ HR ന്റെ സഹായത്തോടെ പരിഹരിക്കാൻ സാധിക്കുന്നുണ്ടെന്നും അറിയിച്ചു. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കുന്നുവെന്നും പറഞ്ഞു. തുടർന്ന് അജണ്ടയിൽ കൊടുത്തിരുന്ന വിഷയങ്ങൾ ഓരോന്നായി ചർച്ചയ്ക്കു എടുത്തു. ചീഫ് മാനേജർ അവ വായിക്കുകയും അതിനുള്ള അവരുടെ മറുപടി പറയുകയും ചെയ്തു . പ്രസിഡന്റ് ശ്രീ. എം. ജി. രാഘവനും സെക്രട്ടറി ശ്രീ. ജേക്കബ്ബും സന്ദർഭോചിതമായ ഇടപെടലുകൾ നടത്തുകയും വിശദീകരണങ്ങൾ കൊടുക്കുകയും ചെയ്തു..ഏഴ് ഇനം വിഷയങ്ങൾ ആണ് കൊടുത്തിരുന്നത്. അതിൽ വളരെക്കാലമായി പരിഹാരം കാണാതെ നിൽക്കുന്നതാണ് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്. ജോർജി ജോസഫ്, മഹേശ്വരി

എന്നിവരുടെ കാര്യത്തിൽ സർവീസ് കാലയളവിൽ ലഭിക്കേ ിയിരുന്ന ഈ ആനുകൂല്യം ആർ.ബി.ഓയാണോ പി.പി.ജി.യാണോ ചെയ്യേ തെന്ന കാര്യത്തിൽ പി.പി.ജി. തന്നെയെന്ന് തീരുമാനമായിട്ടുണ്ടെന്നും ഒക്ടോബർപകുതിയോടുകൂടി പരിഹാരം ഉണ്ടാകുമെന്നും പറഞ്ഞു. എല്ലാ വിവരങ്ങളും LHO യ്ക്ക് കഴിഞ്ഞ 13 ന് കൈമാറിയിട്ടുണ്ട്. പി.പി.ജി. യിൽ ഒരാൾക്ക് കോവിഡ് സ്ഥിരീകരിച്ചതുകൊണ്ട് പി.പി.ജി. ഡിപ്പാർട്മെന്റ് 30% ത്തിന് താഴെ ആളുകളുമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നും ഈ സാഹചര്യത്തിലാണ് താമസം ഉണ്ടാകുന്നതെന്നും അറിയിച്ചു.

ശ്രീമതി.സരോജത്തിന്റെ പെൻഷൻ കുടിശ്ശികയിൽ നിന്നും അടച്ചു തീർത്ത വായ്പ്പയുടെ ക്ലോഷർ ലെറ്റർ ഉടനെ അയക്കാൻ ബ്രാഞ്ചിനോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും പറഞ്ഞു . മെഡിക്കൽ ഇൻഷുറൻസ് സംബന്ധമായ തീർപ്പാകാത്ത ബില്ലുകളുടെ നിജ സ്ഥിതി ഉടനെ അറിയിക്കാനും ഐഡി കാർഡുകളിലെ തെറ്റുകൾ തിരുത്തി പുതിയ കാർഡുകൾ കൊടുക്കാനും ഇൻഷുറൻസ് കമ്പനിയുടെ പ്രതിനിധിയോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞു .

ബാങ്കിന്റെ 65 മത് ജന്മ ദിനം പ്രമാണിച്ചു 80 വയസ്സ് തികഞ്ഞ പെൻഷൻകർക്കുള്ള കേരള സർക്കിൾ ചീഫ് ജനറൽ മാനേജർ പ്രഖ്യാപിച്ച മംഗള പത്രവും സമ്മാനവും LHO ഇൽ നിന്ന് ഔദ്യോഗിക അറിയിപ്പ് കിട്ടുന്നതനുസരിച്ചു വിതരണം ചെയ്യുമെന്നും അറിയിച്ചു. കോവിഡ് കാലഘട്ടത്തിൽ ജോലി ചെയ്തവർക്കുള്ള സാലറി മെയ് മാസത്തിനു ശേഷം റിട്ടയർ ചെയ്തവർക്ക് കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു.

.



ഡിസ്പെന്സറിയിൽ നിന്ന് പലപ്പോഴും മരുന്ന് കിട്ടാറില്ലെന്നും കിട്ടിയാൽത്തന്നെ ആവശ്യപ്പെടുന്ന മിക്ക മരുന്നുകളും കാണുകയില്ലയെന്നും പ്രസിഡന്റ് ശ്രീ എം ജി രാഘവൻ DGM നെ ബോധ്യപ്പെടുത്തി . മരുന്ന് കിട്ടാനും സമയം ഒരു പാട് എടുക്കുന്നുവെന്നും സമയാ സമയങ്ങളിൽ മരുന്നിന് ഓർഡർ കൊടുക്കാത്തതുകൊണ്ടാണ് മരുന്ന് കിട്ടാതെ വരുന്നതെന്നും അറിയിച്ചു. ചില അവസരങ്ങളിൽ കാലാവധി കഴിഞ്ഞ മരുന്ന് കിട്ടിയിട്ടുണ്ടെന്നും പറഞ്ഞു . ഡിസ്പെന്സറിയുടെ പ്രവർത്തനം കൂടുതൽ ചിട്ടപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കാൻ ഡിജിഎം നിർദേശം നൽകി . സ്റ്റോക്ക് കംപ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളാനും നിർദേശിച്ചു .



സംഘടനയ്ക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിൽ ചർച്ച നടന്നു. തിരുനക്കരെയുള്ള പഴയ എസ്.ബി.റ്റി.കെട്ടിട സമുച്ചയത്തിൽ രണ്ടും മൂന്നും നിലകളിൽ ഇപ്പോൾ നടന്നു വരുന്ന പുനർക്രമീകരണ ജോലികളുടെ കൂടെ ഒരു ഓഫീസ് സൗകര്യം തല്ക്കാലം ചെയ്തു തരാമെന്നും ധാരണയായി. യോഗം കഴിഞ്ഞ് ബാങ്ക് എഞ്ചീനിയറുമായി ഇക്കാര്യം ചർച്ച ചെയ്ത ശേഷമേ പോകാവൂ എന്നും ഡെ.ജനറൽ മാനേജർ നിർദ്ദേശിച്ചു. ബാങ്കിന്റെ എഞ്ചിനീയറുമായി കുടി ആലോചിച്ചു വേണ്ടത് ചെയ്യാമെന്ന് ഉറപ്പ് നൽകി .

ബാങ്കിന്റെ ഉന്നമനത്തിനു വേണ്ട സഹകരണം തരണമെന്ന് DGM അവശ്യ പ്പെട്ടു . പുതിയ ആശയങ്ങളും നിർദേശങ്ങളും എപ്പോഴും സ്വാഗതം ചെയ്യുന്നുവെന്നും അദേഹം പറഞ്ഞു . ബാങ്കിന്റെ ഭാഗത്തു നിന്ന് ഡെപ്യൂട്ടി മാനേജർ അജിത്ത് ലാലും സംഘടനയിൽ നിന്ന് ശ്രീ ജേക്കബും നന്ദി രേഖപ്പെടുത്തി. ഏകദേശം 12 മണിയോടുകൂടി യോഗം അവസാനിച്ചു .

# ഫാമിലി പെൻഷൻ

## മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

പലപ്പോഴും വേണ്ടത്ര ശ്രദ്ധയോ പരിഗണനയോ കിട്ടാത്ത ഒരു വിഭാഗം ആണ് ഫാമിലി പെൻഷൻകാർ . വളരെ തുച്ഛമായ തുകയാണ് ഫാമിലി പെൻഷൻ ആയി കിട്ടുന്നത് . അത് ചികിത്സാ ചിലവിന് പോലും തികയുന്നില്ല എന്നുള്ളതു വളരെ ദുഃഖകരമായ ഒരു യാഥാർഥ്യവും. ഈ സാഹചര്യത്തിൽ പോലും ഫാമിലി പെൻഷൻ തെറ്റായി കണക്കാക്കിയതിന്റെ വെളിച്ചത്തിൽ പെൻഷൻ കുറഞ്ഞു പോയ നിരവധി കേസുകളുണ്ട്. അസോസിയേഷൻ ഇടപെട്ട് തിരുത്തിയ സംഭവങ്ങൾ അനേകവും.

കൂടാതെ ചിലയവസരങ്ങളിൽ പെൻഷനർ മരിച്ച ശേഷവും, ഫാമിലി പെൻഷൻ തുകയ്ക്കു പകരം മുഴുവൻ പെൻഷനും വർഷങ്ങളോളം കൊടുത്തുകൊണ്ടിരുന്ന സംഭവമുണ്ടായി.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

തെറ്റു മനസ്സിലാക്കി വന്നപ്പോഴേക്കും വലിയ സംഖ്യയായി തീർന്നിരുന്നു. ഉടനെ തന്നെ ഫാമിലി പെൻഷനിൽ നിന്ന് മുഴുവൻ തുകയും ബാങ്ക് തിരിച്ചുപിടിക്കുവാൻ തുടങ്ങി. അത് പാടില്ലാത്തതായിരുന്നു. എന്നാൽ നിരന്തരമായ ശ്രമഫലമായി ഫാമിലി പെൻഷൻ കൊടുക്കുവാൻ ഉത്തര വിടീക്കുകയും അധികമായി കിട്ടിയ തുക മാസത്തവണക ളായി ഫാമിലി പെൻഷനിൽ നിന്നും പിടിക്കുന്നതിനും സമ്മതിച്ചു ബാങ്ക് ഉത്തരവ് ഇറക്കി.

ഇനിയുമുണ്ട് വിഷയങ്ങൾ. ഏഴാം ഉഭയകക്ഷി കരാറിന്റെ പരിധിയിൽപ്പെട്ട പെൻഷൻ കാർക്ക്, 2017-18 കാലഘട്ടത്തിൽ പെൻഷൻ കുടിശിക കൊടുത്തിരുന്നു. അത് ഏറ്റുവാങ്ങാൻ പല പെൻഷൻകാരുടെയും ഫാമിലി പെൻഷനേഴ്സിനെ കണ്ടെത്താൻ പോലും പ്രയാസമായിരുന്നു. അത് പോലെതന്നെ, 2001 ലെ VRS കാർക്ക് ഈയിടെ ബാങ്ക് പെൻഷൻ അനുവദിച്ചപ്പോൾ, നിര്യാതരായ പലരുടെയും ഫാമിലിയെവിടെയെന്നന്വേഷിച്ചു കണ്ടെത്തുന്നതിന് വളരെ യേറെ പരിശ്രമിക്കേണ്ടി വന്നു.

## ഈ പ്രശ്നങ്ങളുടെയൊക്കെ അടിസ്ഥാന കാരണം.

1) നമ്മുടെ അസ്സോസിയേഷൻ കൂട്ടായ്മയിൽ അവ രുണ്ടായിരുന്നില്ല.
2) ജീവിച്ചിരിക്കുമ്പോൾ പെൻഷൻ സംബന്ധമായ കാര്യ ങ്ങൾ കുടുംബാംഗങ്ങളുമായി പ്രത്യേകിച്ച് പങ്കാളി യുമായി പങ്ക് വയ്ക്കുന്നില്ല. നിക്ഷേപങ്ങൾ, വായ്പകൾ, ഇൻഷുറൻസ് ഇവയുടെ വിവരങ്ങൾ ഭാവിയിലെ ആവശ്യങ്ങൾക്കായി രേഖപ്പെടുത്തിയോ സൂക്ഷിച്ചോ വയ്ക്കാത്തതും പറയാത്തതും കാരണ മാണ്.
3) ഫാമിലി പെൻഷനെപ്പറ്റി അറിവ് ഇല്ല, പെൻഷൻ പെയ്മെന്റ് ഓർഡറിനെപ്പറ്റി കഴിവതും പങ്കാളിയെ അറിയിക്കുക.

ഇതൊക്കെ, ഫാമിലി പെൻഷൻ സംബന്ധമായ കാര്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നതിന്റെ ആവശ്യകത കൂട്ടുന്നു.

## സാധാരണ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ

### ചോദ്യം: എന്താണ് ഫാമിലി പെൻഷൻ ?

1987 ജനുവരി ഒന്നാം തീയതി മുതൽ

1) SBI യിൽ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ പെൻഷന് അർഹത ആയ ശേഷമോ 20 വർഷത്തിനിടയിലോ (31-10-1993 ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് 10 വർഷം മതി ) മരിച്ചാൽ.

2) സർവീസിൽ നിന്നും വിരമിച്ചശേഷം മരിക്കുന്ന സമയത്തു പെൻഷൻ വാങ്ങിയിരുന്നാൽ നിയമനുസൃതമായ അനന്തരാവകാശികൾക്ക് കിട്ടുന്ന പെൻഷൻ ആണ് ഫാമിലി പെൻഷൻ

### ചോദ്യം: ആർക്കാണ് ഫാമിലി പെൻഷന് അർഹത ?

1 ) വിധവ /വിഭാര്യൻ, അവർക്ക് പുനർ വിവാഹം അഥവാ മരണം ആദ്യം ഏതോ അതുവരെ

2 ) മുകളിലെ അവസ്ഥ അല്ലെങ്കിൽ ആർക്കൊക്കെ ?

i) മക്കളിൽ മുപ്പനുസരിച്ചു ഏറ്റവും മുതിർന്ന ആളിന് 25 വയസ്സുവരെ അല്ലെങ്കിൽ ആദായമുള്ള ജോലി ഏതാണ് ആദ്യം അതുവരെ പെൻഷൻ ലഭിക്കും.
ii) അവിവിവാഹിതയായ പെൺ മകളാണെങ്കിൽ 25 വയസ്സ് അഥവാ ആദായ ജോലി അഥവാ വിവാഹം ഏതാണ് ആദ്യം അതുവരെ പെൻഷൻ ലഭിക്കും.
iii മക്കളിൽ ഏറ്റവും ഇളയ ആൾ വരെ തുടരും ,അയാൾ 25 വയസ്സ് അല്ലെങ്കിൽ ജോലി, അഥവാ പെൺ മകളാണെങ്കിൽ വിവാഹം ഏതാണോ ആദ്യം അതുവരെ പെൻഷൻ ലഭിക്കും
iv) അവകാശിയായി മേല്പറഞ്ഞവർ ഇല്ലാത്ത പക്ഷം അംഗവൈകല്യം അഥവാ മാനസിക പരാധിനതയുള്ള മകനോ മകളോ 25 വയസ്സ് ആയതിനുശേഷവും സ്വന്തമായി ജീവിത മാർഗം തേടാൻ കഴിവില്ലാത്തവർക്ക് പെൻഷൻ ലഭിയ്ക്കും

ചോദ്യം: ;അവകാശികളായി ഭാര്യയോ /ഭർത്താവോ /മക്കളോ ഇല്ലായെങ്കിൽ ആർക്ക് ഫാമിലി പെൻഷൻ കിട്ടാൻ അർഹതയുണ്ട് ?

ഇനി അവകാശിയായി മേല്പറഞ്ഞവർ ആരും ഇല്ലാതിരിക്കേ മാതാപിതാക്കൾക്ക് ജീവനക്കാരന്റെ ആശ്രിതരായി സർവീസിൽ ഉള്ളപ്പോൾ കഴിഞ്ഞിട്ടുണ്ടെങ്കിൽ അവർക്ക് ലഭിയ്ക്കും മാതാവിനായിരിയ്ക്കും മുൻഗണന ..

ചോദ്യം :-എപ്പോഴൊക്കെയാണ് ഫുൾ പെൻഷൻ കിട്ടുന്നത് ?

1) 20 വർഷത്തെ സേവനം പൂർത്തിയാക്കിയ ഒരു ജീവനക്കാരൻ സർവീസിൽ ഇരിക്കേ മരണപ്പെടുക യാണെങ്കിൽ 5 വർഷത്തേയ്ക്ക് മുഴുവൻ പെൻഷനും കിട്ടും.

2). റിട്ടയർമെന്റിനു ശേഷം മരണപ്പെടുന്നു. പക്ഷേ 5 വർഷം തികഞ്ഞില്ലെങ്കിൽ 5 വർഷം വരെ മുഴുവൻ പെൻഷൻ ലഭിയ്ക്കും അത് കഴിഞ്ഞു ഫാമിലി പെൻഷൻ.

ചോദ്യം: പട്ടാളത്തിൽ നിന്ന് പിരിഞ്ഞവരുടെ കാര്യം എങ്ങനെ ? അവർക്ക് പട്ടാളത്തിലെ പെൻഷൻ ഉണ്ട് ?

പട്ടാളത്തിൽ നിന്ന് വിരമിച്ച ആളാണ് ബാങ്ക് പെൻഷനർ എങ്കിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് രണ്ടിടത്തുനിന്നും ഫാമിലി പെൻഷൻ കിട്ടാൻ അർഹതയുണ്ട്.

ചോദ്യം : ഭാര്യയും ഭർത്താവും ബാങ്ക് പെൻഷണെർ ആണെങ്കിൽ ഒരാൾ മരിച്ചാൽ മറ്റെ ആളിന് ഫാമിലി പെൻഷൻ കിട്ടുമോ ?

സ്പൗസിനു ഫാമിലി പെൻഷൻ കിട്ടും

ചോദ്യം :- അംഗപരിമിതി, വൈകല്യമുള്ള മക്കൾക്ക് ഫാമിലി പെൻഷൻ കിട്ടാൻ അർഹതയുണ്ടോ ?

ഉണ്ട്, അംഗപരിമിതിയോ, മാനസിക പരാധീന തയോയുള്ള മക്കളുണ്ടെങ്കിൽ റിട്ടയർമെന്റിനു മുൻപ് ഫാമിലി പെൻഷൻ ആനുകൂല്യത്തിന് അവരുടെ പേരു നിർദ്ദേശിയ്ക്കാം . അതിനുള്ള ഫോർമാറ്റിൽ മുന്ന് സെറ്റാക്കി സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫിസറുടെ അത്തരത്തിലുള്ള വൈകല്യത്തെ സാധൂകരിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിയ്ക്കണം

ചോദ്യം :- ഫാമിലി പെൻഷൻ എങ്ങനെ കണക്കാക്കുന്നു ?

1) 2012, നവംബർ മാസം ഒന്നാം തീയതിയ്ക്കോ അതിനു ശേഷമോ റിട്ടയർ ചെയ്ത ഒരു പെനൻഷനറുടെ പ്രതിമാസ ഫാമിലി പെൻഷൻ നിരക്ക് താഴെ കൊടുത്തിരിയ്ക്കുന്നു :-

| അടിസ്ഥാന ശമ്പളം. രൂപ | ഓരോ മാസവും ഫാമിലി പെൻഷൻ രൂപ |
|---|---|
| അടിസ്ഥാന ശമ്പളം ) 11100 വരെ | 30% കുറഞ്ഞത് 2785 |
| 11101 - 22200 | 20%. 3422 |
| 22200 ന് മുകളിൽ | 15%. 4448 പരമാവധി 9284 |

2) പാർട്ട് ടൈം ജോലിക്കാരുടെ ഫാമിലി പെൻഷൻ

| | |
|---|---|
| വേതന സ്കെയിലിന്റെ 1/3 വേതനം കൈപ്പറ്റിയിരുന്നവർക്കു : | 932 രൂപ |
| 1/2 വേതനം കൈപ്പറ്റിയിരുന്നവർക്കു : | 1397 രൂപ |
| 3/4 വേതനം കൈപ്പറ്റിയിരുന്നവർക്ക്: | 2096/രൂപ |

3) പാർട്ട്ടൈം അല്ലാതെ, ഫുൾടൈം ആയിരുന്നവർക്ക് ലഭിക്കേണ്ട ഫാമിലി പെൻഷൻ.

ഏറ്റവും കുറഞ്ഞ ഫാമിലി പെൻഷൻ: 2785/ രൂപ

ചോദ്യം :- ഫാമിലി പെൻഷൻ ലഭിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ട പ്രധാന കാര്യങ്ങൾ?

1) റിട്ടയറിയോ ഫാമിലി പെൻഷനറോ മരിച്ചാൽ പെൻഷൻ പേയിങ് ബ്രാഞ്ചിൽ വിവരം അറിയിയ്ക്കുക, ബാങ്ക് പ്രതിനിധി വീട്ടിൽ വരികയും ഔദ്യോഗികമായി ആദരാജ്ഞലികൾ അർപ്പിയ്ക്കുകയും ചെയ്യുന്നതാണ്.

2) ബ്രാഞ്ച് മാനേജർ എച്ച്.ആർ.എം.എസി. ൽ മരിച്ച തീയതി ഉടനെ രേഖപ്പെടുത്തണം.

3) SB പെൻഷൻ ജോയിന്റ് അക്കൗണ്ട് ഫാമിലി പെൻഷനറുടെ പേരിൽ ആക്കി നോമിനേഷൻ കൊടുക്കുക . ജോയിന്റ് അക്കൗണ്ട് അല്ലാത്ത സാഹചര്യങ്ങളിൽ ഫാമിലി പെന്ഷനെറുടെ പേരിൽ പുതിയ SB അക്കൗണ്ട് തുടങ്ങുക. പുതിയ പാസ്സ് ബുക്ക് വാങ്ങിയ്ക്കുക.

4) സമർപ്പിക്കേണ്ട പ്രമാണങ്ങൾ :-

1. മരണ സർട്ടിഫിക്കറ്റ് മാനേജർ അറ്റെസ്റ്റചെയ്ത കോപ്പി
2. ഫാമിലി പെൻഷന് അപേക്ഷ
3. പെൻഷൻ പേയ്മെന്റ് ഓർഡർന്റെ കോപ്പി
4. നിശ്ചിത ഇൻഡെമ്നിറ്റി ഫോം ഒപ്പിട്ടത്
5. ലൈഫ് സർട്ടിഫിക്കറ്റ്, പുനർവിവാഹം നടത്തിയിട്ടില്ലയെന്നതിനുള്ള സർട്ടിഫിക്കറ്റ്
6. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യ പേജി ന്റെ ഒരുകോപ്പി
7. പെന്ഷനെർ ഐഡി , ആധാർ, പാൻ, ഫോട്ടോ

എല്ലാ വർഷവും നവംബർ മാസം ലൈഫ് സർട്ടിഫിക്കറ്റു ബാങ്കിൽ നൽകേണ്ടതാണ്. ഇക്കാര്യം ഓർമ്മപ്പെടുത്തന്നതിനായി കലണ്ടറിലോ, അതുമല്ലെങ്കിൽ അവരവരുടെയോ, മക്കളുടെയോ മൊബൈലിൽ ഓർമ്മപ്പെടുത്തുന്നതിനായി രേഖപ്പെടുത്തുക. അസോസിയേഷൻ പ്രവർത്തകർ വാട്സ് ആപ് ഗ്രൂപ്പുകളിൽ ഈ വിവരങ്ങൾ അറിയിക്കാറുണ്ട്, ഓർമ്മപ്പെടുത്താറുമുണ്ട്. (.........തുടരും)

## യാത്രയയപ്പ്

എസ്.ബി.ഐ. കോഴിക്കോട് നടുവട്ടം ബേപ്പൂർ ശാഖയിലെ ചീഫ് അസ്സോസിയേറ്റ്, ശ്രീമതി.സുഷമകുമാരി തമ്പുരാട്ടി.ബി.




ശ്രീമതി.സുഷമകുമാരി അന്നും... ഇന്നും....

നടുവട്ടം ശാഖയിൽ നിന്നും 2020 സെപ്റ്റംബർ 30-ാം തിയതി വിരമിക്കുന്നു. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. ശ്രീമതി. സുഷമകുമാരി തമ്പുരാട്ടിയെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന്പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.

## ശ്രീമതി. തങ്കമ്മ കോശി, ഡെ.മാനേജർ

പാലാരിവട്ടം ടൗൺ ബ്രാഞ്ചിൽ നിന്നും 36 വർഷം സർവീസ് പൂർത്തിയാക്കി സെപ്റ്റംബർ 30ന വിരമിക്കുന്ന ഡെ.മാനേജർ ശ്രീമതി. തങ്കമ്മ കോശി



ശ്രീമതി. തങ്കമ്മ കോശി

യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.



ശ്രീമതി.തങ്കമ്മ കോശിയെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ജില്ലാ കേന്ദ്രവുമായിച്ചേർന്നു പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്ന സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റി അംഗം ശ്രീമതി..സുശീലാ കുമാരി.

## ശ്രീ. പി.ജി.സാബു



എസ്.ബി.ഐ. നിലമ്പൂർ ടൗൺ ശാഖയിൽ നിന്നും വിരമിക്കുന്ന ശ്രീ. പി.ജി.സാബുവിന് എല്ലാ ആശംസകളും നേരുന്നു.



എസ്.ബി.ഐ. നിലമ്പൂർ ടൗൺ ശാഖയിൽനിന്നും വിരമിക്കുന്ന ശ്രീ. പി.ജി.സാബുവിന് യാത്രയയപ്പ് നല്കിയ വേളയിലെടുത്ത ചിത്രം



കോഴിക്കോട് കല്ലായി റോഡ് ശാഖയിൽനിന്നും വിരമിക്കുന്ന ശ്രീമതി.സാവിത്രി.പി.ജെ. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

## നമ്മുടെ സംസ്ഥാന പ്രസിഡന്റ് റിട്ടയറീസിനെ അഭിസംബോധന ചെയ്യുന്നു

**1 Sujatha Reghunath**
**2 Sushama Kumari Thampuratti B**
**3 Saraswathy M R**
**4 Francis K D**
**5 Ameed A**
**6 Thankamma Koshy**
**7 Haridasan**
**8 Sabu P G**
**9 Ranjini G**
**10 Mohan Kumar V**
**11 Sethumadhavan P B**
**12 Rufus George**
**13 Sarada L**
**14 Uma M P**
**15 Savithri P J**
**16 Yesodharan Raghavan**
**17 Pushpalata C K**
**18 Sivadas Choondal Devan**
**19 Unnikrishnan V A**

"പ്രിയപ്പെട്ടവരെ,
ഇന്ന് സെപ്റ്റംബർ മുപ്പത്. ദീർഘകാലം ബാങ്കിൽ സഹപ്രവർത്തകരായിരുന്ന പത്തൊൻപത് പേർ ഔദ്യോഗിക പദവിയിൽ നിന്നും വിരമിച്ചു റിട്ടയർമെന്റ് ജീവിതത്തിലേക്ക് കടക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളിൽ സംഭവിച്ചതുപോലെ മതിയായ ഒരു യാത്ര യയപ്പ്സംഘടിപ്പിച്ചു നല്ല വാക്കോതി യാത്രാമംഗളമോതാൻ ഇത്തവണയും നമുക്ക് കഴിഞ്ഞില്ല എന്നത് നൊമ്പരമായി അവശേഷിക്കുന്നു. എസ്ബിഐ പെൻഷനേഴ്സ് അസ്സോസിയേഷന്റെ പേരിൽ എല്ലാവരുമായും ടെലിഫോണിലൂടെ ബന്ധപ്പെടാനും ആശംസകൾ അറിയിക്കാനും സാധിച്ചില്ല. സാഹചര്യങ്ങൾ അത്തര ത്തിലായതിനാൽ മറ്റൊരു ഉപാധി നമുക്കില്ലല്ലോ. ഇന്ന് വിരമിക്കുന്ന എല്ലാവർക്കും ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നതോടൊപ്പം എല്ലാവരേയും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.
സ്നേഹാശംസകളോടെ,



കെ. രാജീവൻ, പ്രസിഡന്റ് & എ ജയകുമാർ ജനറൽസെക്രട്ടറി
എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ

30.09.2020


# വിവാഹിതരായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ.ജോസഫ് ജോണിന്റെയും ശ്രീമതി.ടിസ്സിമോൾ ആന്റണിയുടേയും മകൻ അജയ് യും ഇരിഞ്ഞാലക്കുട പാറേക്കാടൻ റോയി ആന്റണി & ലീനാ റോയി ദമ്പതിമാരുടെ മകൾ കാതറീനും അതിരമ്പുഴ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ വച്ച് സെപ്റ്റംബർ മാസം 12-ാം തിയതി ശനിയാഴ്ച്ച വിവാഹിതരായി. ഭാസുരമായ ദാമ്പത്യ ജീവിതം ഇരുവർക്കും ആശംസിക്കുന്നു.



വധുവരന്മാർ കുടുംബാംഗങ്ങളോടൊപ്പം വിവാഹ വേദിയിൽ. ഏറ്റവും ഇടത്തു വശത്ത് ജോസഫ് ജോണും ഭാര്യ ശ്രീമതി.ടിസ്സിമോൾ ആന്റണിയും.

# നർമ്മ വീഥി






**Bank Manager**




**After achieving all budgets, targets and assignments as a Bank Manager, now he started enjoying his personal life...**

# മെഡിക്കൽ ബെനിഫിറ്റ് സ്കീം

(........കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...")

**Q:- SBI Health Care (REMBS-Policy A) യും SBI Health Assist (Policy B) യും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം എന്താണ് ?**

SBI Health care റിട്ടയറീസ് നും അവരുടെ സ്പൗസ്നും വേണ്ടി ബാങ്ക് നേരിട്ട് നടത്തുന്ന ഒരു മെഡിക്കൽ ബെനിഫിറ്റ് സ്കീം ആണ് . നോർമൽ റിട്ടയറിസ് , 30 വർഷത്തെ സെർവിസും 58 വയസ്സായ VRS കാർക്കും ആണ് ഇതിൽ ചേരാവുന്നത് . വിരമിച്ച ശേഷം ആദ്യത്തെ പെൻഷൻ കിട്ടി മൂന്ന് മാസത്തിനകം ഇതിൽ മെമ്പർഷിപ് ഫീ അടച്ചു ഓൺലൈൻ രെജിസ്ട്രേഷൻ വഴി അംഗമാകാം . പിന്നീട് ഇതിൽ പ്രവേശനം ഇല്ല . ഇതിനെ OTPP അഥവാ OneTimePayment Plan എന്ന് പറയും .

SBI Health Assist (പോളിസി B) എന്ന് പറഞ്ഞാൽ അത് ഒരു ശുദ്ധമായ ഇൻഷുറൻസ് സ്കീം ആണ്. അതിന്റെ പ്രീമിയം പുതിയ റിട്ടയറീസണെങ്കിൽ റിട്ടയർ ചെയ്തു 90 ദിവസത്തിനകം അപേക്ഷ ബ്രാഞ്ചിൽ കൊടുത്തു അക്കൗണ്ടിൽ നിന്ന് പിടിച്ചു AO യുടെ current അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണം . എല്ലാ വർഷം പ്രീമിയം സ്വന്തമായി അടച്ചു ജനുവരിയിൽ പുതുക്കണം . അതുകൊണ്ടാണ് ഇതിന്റെ പേര് APP അഥവാ Annual Payment Plan എന്ന് പറയുന്നത് .

Q 2; SBI Health Care നെ പോളിസി A എന്ന് വിളിക്കാൻ കാരണം എന്ത് ?

ബാങ്ക് 2016 ജനുവരി മാസം മുതൽ ഇതിനെ മെഡിക്കൽ ഇൻഷുറൻസ് സ്കീമും ആയി ബന്ധിപ്പിച്ചു

Q3: ഇൻഷുറൻസ്മായി ബന്ധിപ്പിച്ചതിന് പ്രത്യക കാരണം ഉണ്ടോ ?

A ;ഉണ്ട് ,ഒറിജിനൽ REMBS ഇൽ ഏകദേശം 21 അസുഖങ്ങൾക്ക് ആശുപത്രയിൽ കിടന്ന് ചികിത്സാ ചെയ്യുന്നതിന് മാത്രമേ reimburesement ഉണ്ടായിരുന്നുള്ളു. എന്നാൽ മെഡിക്കൽ ഇൻഷുറൻസ് ഉണ്ടെങ്കിൽ 24 മണിക്കൂർ ആശുപത്രിയിൽ അസുഖമായിട്ട് ചികിത്സാ ലഭിച്ചാൽ ഇൻഷുറൻസ് കമ്പനി യുടെ network ഇൽ പെട്ട ( ടൈ up ഉള്ള ) ആശുപത്രിയിൽ നിന്ന് ക്യാഷ്ലെസ്സ് ആയിട്ടും network അല്ലാത്ത ആശുപത്രിയിൽ നിന്നും reimbursement ആയിട്ടും ചിലവുകൾ അവർ വഹിക്കും .

Q 4: ഈ സ്കീമിൽ എത്ര ലക്ഷം രൂപക്ക് ഇൻഷുറൻസ് പരിരക്ഷ കിട്ടും ?

1) 7 ലക്ഷം രൂപ യുടെ പരിധി ഉള്ള ഒരാളിന് 3 ലക്ഷം ഇൻഷുറൻസ് അതിന്റെ ഒപ്പം 6 ലക്ഷം Top അപ്പ് മൊത്തം 9 ലക്ഷം രൂപയാണെങ്കിലും പരിധി ആയ 7 ലക്ഷം വരെയേ കിട്ടുകയുള്ളു .

2) 10 ലക്ഷം പരിധി ഉള്ള ഒരാളിനും 3 ലക്ഷം ഇൻഷുറൻസ് plus 6 ലക്ഷം ടോപ്പ് അപ്പ് മൊത്തം 9 ലക്ഷം കൂടാതെ ഒരുലക്ഷം ബാങ്കിന്റെ കൈവശം ബഫർ ആയിട്ടുണ്ട് .

ഉദാ : 11 ലക്ഷം ത്തിന്റെ ആശുപത്രി ബിൽ ആണെന്ന് കരുതുക 9 ലക്ഷം ഇൻഷുറൻസിൽ നിന്ന് ഒരു ലക്ഷം ബാങ്കിന്റെ ബഫറിൽ നിന്ന് ബാക്കി ഒരു ലക്ഷം സ്വന്തം ചിലവിൽ.

**Q 5: ഈ സ്കീമിൽ മെമ്പർഷിപ് ഉള്ള ആളിനും സ്പൗസിനും ഒറ്റക്കോ ഒരുമിച്ചോ എത്ര വരെ കിട്ടും?**

**A : ലിമിറ്റ് വരെ**

**Q 6: നമ്മുട ലിമിറ്റനു മുഴുവൻ ഇൻഷുറൻസ് പരിരക്ഷ കിട്ടുമോ ?**

**A : ഇല്ല നമ്മൾ ചികിത്സയ്ക്ക് ചിലവായ തുക നമ്മൾ എടുക്കുമ്പോൾ അതുക നമ്മുട REMBS ന്റെ ലിമിറ്ററിൽ കുറവ് വരുത്തും അങ്ങനെ ബാക്കി നിൽക്കുന്ന ബാലൻസ് or residual ബാലൻസ് 3 ലക്ഷം ത്തിൽ താഴെ വന്നാൽ ഇൻഷുറൻസിന്റെ പരിരക്ഷ കിട്ടുകയില്ല .എല്ലാ വർഷവും ജനുവരിയിൽ നമ്മുടെ residual ബാലൻസ് ബാങ്ക് റിവ്യൂ ചെയ്തിട്ട് 3 ലക്ഷം വും അതിന്റെ മുകളിൽ ഉള്ള തുകയോ ഇൻഷുർ ചെയ്യുകയുള്ളൂ**

**Q 7: അപ്പോൾ ബാക്കി നിൽക്കുന്ന 3 ലക്ഷത്തിൽ താഴെയുള്ള തുക നഷ്ടപ്പെടുമോ ?**

**A : ഇല്ല ആ തുക ഇൻഷുറൻസിന് പുറത്തു ,പഴയ REMBS പോലെ കൈകാര്യം ചെയ്യണം ബാങ്കിന് നേരിട്ട് ബിൽ അയച്ചു കൊടുക്കണം 25 അസുഖങ്ങൾക്ക് ആശുപത്രി കിടന്നു ചികിത്സ ചെയ്ത് തിന് മാത്രമേ കിട്ടുകയുള്ളു**

**Q 8. പിന്നെ എന്താണ് പോംവഴി ?**

**A : 3 ലക്ഷം ആകുന്നതിനു മുൻപ് SBI health കെയർ ഇൽ ചേരുക**

**Q 9: ഹെൽത്ത് കെയർ സ്കീമിൽ എത്രപ്രീമിയം അടയ്ക്കണം ?**

**A : എല്ലാവർഷവും ജനുവരിയിൽ ആണ് പോളിസി പുതുക്കുന്നത് അന്ന് എടുത്താലും വർഷ മദ്ധ്യേ or അവസാനമോ എടുത്താൽ മുഴുവൻ പ്രീമിയവും അടയ്ക്കണം എന്നാൽ പുതിയ റിട്ടയറിസിന് prorata അടച്ചാൽ മതിയാകും**

**Q 10: പുതിയ റിട്ടയറിസിനു രണ്ട് സ്കീമിലും ചേരാമോ ?**


**A : ചേരാം; SBI Health Care ആ സമയ പരിധിക്കുള്ളിൽ Health Asst ഇൽ എപ്പോൾ വേണമെങ്കിലും ചേരാം**

(.........തുടരും)

## ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി നീട്ടി

**2019-20 വർഷത്തെ ഇൻകം ടാക്സ് റിട്ടേൺ സമർപ്പി ക്കുന്നതിനള്ള അവസാനതിയതി 2020 നവംബർ മാസം 30 വരെ നീട്ടി കേന്ദ്ര ധനകാര്യ മന്ത്രാലയം ഉത്തരവു പുറപ്പെടുവിച്ചു. തിയതി സെപ്റ്റംബർ 30 വരെയായി രുന്നു. കൊവിഡ്-19 മഹാമാരി രൂക്ഷമായി തുടരുന്ന പശ്ചാത്തലത്തിലാണ് ഇപ്രകാരം നീട്ടിയത്.**

## ആദരപൂർവ്വം....



## ശ്രീനാരായണഗുരു

**കേരളീയനായ സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാന നായകനും ആയ ശ്രീനാരായണ ഗുരു കേരളക്കരയുടെ നവോത്ഥാന നായകരിൽ അഗ്രഗണ്യസ്ഥാനത്ത് നില്ക്കുന്ന മഹാത്മാവാണ്. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" ഇതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും.. കേരളത്തിൽ നിലനിന്നിരുന്ന സവർണ മേൽക്കോയ്മ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ സമൂഹ്യതിന്മകൾക്കെതിരെ പോരാടിയ അദ്ദേഹം കേരളീയ സമൂഹത്തെയാകെ നവോത്ഥാനത്തിലേയ്ക്ക് നയിച്ചു. ജാതി വ്യവസ്ഥയെ ചോദ്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരു.**

**താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് ദൈവാരാധാന നടത്തുവാനാ യി, ശ്രീനാരായണഗുരു കേരളത്തിലും തമിഴ്നാട്ടിലുമായി ഏതാണ്ട് നാൽപ്പത്തഞ്ചോളം ക്ഷേത്രങ്ങൾ സ്ഥാപിച്ചു. തന്റെ സാമൂഹിക പരിഷ്കാരങ്ങൾ പ്രചരിപ്പിക്കുന്നതിനായ് ഡോ. പൽപുവിന്റെ പ്രേരണയാൽ അദ്ദേഹം 1903ൽ ശ്രീ നാരായണ ധർമ്മ പരിപാലന യോഗം (എസ്.എൻ.ഡി.പി യോഗം) സ്ഥാപിച്ചു. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നാണ് അദ്ദേഹത്തിന്റെ ആപ്തവാക്യം. സവർണ മേധാവിത്വം എന്ന ജീർണതയെ പിഴുതെറിഞ്ഞ് അദ്ധ്യാത്മിക വിദ്യയുടെ സമത്വവും സാഹോദര്യവും ജാതിമതഭേദമെന്യേ എല്ലായിടത്തുമെത്തിച്ച് മാനവ രാശി ഒന്നടങ്കം ആത്മസാഹോദര്യത്തോടെ ഉയരുക**

യും വാഴുകയും വേണമെന്ന് ഗുരദേവൻ നിർദ്ദേശിച്ചു. സെപ്റ്റംബർ 2-ാം തിയതി (നാലാം ഓണം) ചതയ ദിനത്തിൽ ശ്രീനാരായണ ഗുരു ജയന്തിയും 21-ാം തിയതി സമാധി ദിനവുമാണ്. അദ്ദേഹത്തിന്റെ സമാധി ദിനത്തിൽ വിഖ്യാത കവയിത്രി സിസ്റ്റർ മേരി ജോൺ തോട്ടം എഴുതിയ വിലാപകാവ്യത്തിൽ നിന്നുള്ള വരികൾ താഴെ കൊടുക്കുന്നു.

എന്തിനെന്തിനെൻ ഭാരത മാതാവെ?
പൊൻ തിരുമുഖം താഴ്ത്തിക്കരയുന്നു?
സന്താപാഗ്നിയിൽ നിന്തിരുമേനിയെ
എന്തിനീവിധം വാട്ടുന്നിതംബികേ?
വിശ്വവര്യൻ ശ്രീനാണു ഗുരുവരൻ
വിണ്ണിലന്ത്യ മനോഹര താരക-
ളൊങ്ങന്നുചേർന്നു വിളങ്ങിസ്ഫുരിക്കുന്നു...



ആദരാഞ്ജലികൾ!!




ഒരു ഗാനയുഗത്തിന് വിരാമം!

➤1980ൽ 'ശങ്കരാഭരണ'ത്തിലൂടെ ആദ്യ ദേശീയ പുരസ്കാരം

➤2001ൽ പത്മശ്രീ, 2011ൽ പദ്മ ഭൂഷൺ

➤40,000ത്തിലധികം ഗാനങ്ങൾക്ക് ഈണം പകർന്നു

➤ഓസ്കാർ ചിത്രം 'ഗാന്ധി'യിൽ ബെൻ കിങ്സ്ലിയ്ക്കായി ഡബ്ബിങ്

➤24 മണിക്കൂറിനിടെ വ്യത്യസ്ത ഭാഷകളിലായി 16-17 ഗാനങ്ങൾ ആലപിച്ചു

➤40ലധികം ചിത്രങ്ങളുടെ സംഗീത സംവിധായകനായി

## മഹാകവി വള്ളത്തോൾ

കരുണോജ്ജ്വലനിജ്ജനത്തിനർക്കൻ
ഗുരുയോഗീന്ദ്രനിതാ മറഞ്ഞുപോയ്
ഇരുളേ വിഹരിച്ചുകൊൾക വീണ്ടും
ഗുരുവേർപെട്ട കിടാങ്ങളായി ഞങ്ങൾ






എസ്.പി.ബാലസുബ്രഹ്മണ്യം ഓർമ്മയായി

# ആർച്ച് ബിഷപ്പ് ഡോ.ജോസഫ് ചേന്നോത്ത് (77) കാലം ചെയ്തു




ആർച്ച് ബിഷപ്പ് ഡോ.ജോസഫ് ചേന്നോത്ത്

**ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ.ജോസഫ് ചേന്നോത്ത് (77) കാലം ചെയ്തു. ചേർത്തല കോക്കമംഗലം സ്വദേശിയാണ്. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീമതി.കുട്ടിയമ്മ ജോർജ്ജിന്റെ മാതൃസഹോദരനാണ്.** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## ആദരാഞ്ജലികൾ!!

# തോമസ്.ഇ.കുര്യൻ (ജോയിച്ചൻ-84)



തോമസ്.ഇ.കുര്യൻ (ജോയിച്ചൻ-84) മുൻ എസ്.ബി.റ്റി. ഉദ്യോഗസ്ഥൻ നിര്യാതനായി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു. ഭാര്യ സൂസൻ തോമസ് റിട്ട. അദ്ധ്യാപിക, മക്കൾ റോയി,റീന.

# വെങ്ങാലിവാക്കേൽ തോമസ് വർക്കി (തൊമ്മൻ-94)

എസ്.ബി.ഐ. റിട്ട. മാനേജർ ജോർജ്ജ് ജോസഫിന്റെ ഭാര്യാപിതാവ് കുറുമള്ളൂർ കൊട്ടാരത്തിൽ പറമ്പിൽ വെങ്ങാലിവാക്കേൽ തോമസ് വർക്കി (തൊമ്മൻ-94) **അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.**



അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു

# ശ്രീമതി. മാധവി (92)



ശ്രീമതി. മാധവി (92)

എസ്.ബി.ഐ. റിട്ട. മാനേജർ രാജൻ അക്കരപ്പാടം, ഭാര്യ ഉഷാകുമാരി എന്നിവരുടെ മാതാവ് അക്കരപ്പാടം കോണിത്തറ മാധവി (92) അന്തരിച്ച വിവരം വ്യസന സമേതം **അറിയിക്കുന്നു.** സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

# ശ്രീ. രാജശേഖരൻ നായർ

ആലപ്പുഴ ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീമതി. ഉമാദേവിയുടെ ഭർത്താവ് ശ്രീ. രാജശേഖരൻ നായർ (ഐ.ഒ.ബി റിട്ട.) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.



രാജശേഖരൻ നായർ

ശ്രീമതി. ഉമാദേവിയുടേയും കടുംബത്തിന്റേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ സന്താപം രേഖപ്പെടുത്തുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ശ്രീ. വി.കെ.കണാരൻ



ശ്രീ. വി.കെ.കണാരൻ

**കോഴിക്കോട് ജില്ലാ കേന്ദ്രത്തിലെ അംഗം (എൽ.എം.6571) എസ്.ബി.ഐ. ചെരണ്ടത്തൂർ ശാഖയിൽ നിന്നും വിരമിച്ച ശ്രീ. വി.കെ.കണാരൻ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.**

# ഒ.രാധാകൃഷ്ണൻ

**കോഴിക്കോട് ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ.** ഒ.രാധാകൃഷ്ണൻ (എൽ.എം.723) കൃഷ്ണ, മേലടി, പയ്യോളി, നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു.



ഒ.രാധാകൃഷ്ണൻ

പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു .

# ശ്രീ. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് നിര്യാതനായി.



ശ്രീ. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് (പാലാ ഏരിയാ കമ്മറ്റി) അംഗം ശ്രീ. ടോമി ഇഗ്നേഷ്യസിന്റെ പിതാവ് പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് നിര്യാതനായി. 100 വയസ്സായിരുന്നു ഭൗതികദേഹം 12-09-20 ശനി 10 മണിക്ക് കടനാടുള്ള വസതിയിൽ പൊതുദർശനത്തിന് വച്ച ശേഷം ഉച്ചകഴിഞ്ഞ് 2 മണിക്ക് സംസ്കാര ശുശ്രൂഷകൾ നടത്തി. പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുകയും കുടുംബാംഗങ്ങളോട് അനുശോചനം അറിയിക്കുകയും ചെയ്യുന്നു .



അധ്യാപക ദിനത്തോടനുബന്ധിച്ച് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ അധികൃതർ മുൻ ഹെഡ്മാസ്റ്റർ വി.ടി. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ടിനെ (100) വസതിയിലെത്തി ആദരിച്ചപ്പോൾ

**നമ്മുടെ ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ടിന്റെ പിതാവ് ശ്രീ. വി.റ്റി.ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് മദ്ധ്യത്തിൽ. ഈ വാർത്ത നമ്മുടെ ബുള്ളറ്റിനിൽ ചേർത്തുകൊണ്ടിരിക്കവേ ആകസ്മികമായാണ് അദ്ദേഹത്തിന്റെ മരണവാർത്തയുമെത്തിയത്. അവിശ്വസനീയമായിത്തോന്നിയെങ്കിലും പിന്നീടത് സ്ഥിരീകരിക്കുകയായിരുന്നു. കണ്ണീർ പ്രണാമം!! ആദരാഞ്ജലികൾ!**

## അനുശോചനം

സാറിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു. സെന്റ് തോമസ് സ്കൂളിൽ പത്തിൽ പഠിക്കുമ്പോൾ സാർ ഒരേ സമയം ഞങ്ങളുടെ ഇംഗ്ലീഷ് അധ്യാപകനും ഹെഡ്മാസ്റ്ററുമായിരുന്നു. സാറിന്റെ ആത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

പി.ജി.അനിൽ കുമാർ,
ജോ. കൺവീനർ, പാലാ ഏരിയാ കമ്മിറ്റി

# ശ്രീമതി.കെ.മഞ്ജു

എസ്.ബി.ഐ. റാസ്മെക്ക് മുവാറ്റുപുഴ ഓഫിസിലെ ശ്രീ. ബൈജു പവിത്രന്റെ ഭാര്യ ശ്രീമതി.കെ.മഞ്ജു നിര്യാതയായ വിവരം അത്യന്തം വ്യസനത്തോടെ റിപ്പോർട്ട് ചെയ്യുന്നു.



അകാലത്തിൽ സംഭവിച്ച ഈ ദുരന്തം എറ്റുവാങ്ങുന്ന ശ്രീ.ബൈജുവിനും കുടുംബത്തിനും അത് സഹിക്കുവാനുള്ള മനക്കരുത്ത് ജഗദീശ്വരൻ നല്കുമാറാകട്ടെയെന്ന് നേരുന്നു.

# ശ്രീമതി.അന്നാമ്മ ഗർവാസിസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം എസ്.ബി.ഐ. മറ്റക്കര ശാഖാ മാനേജരായി വിരമിച്ച ശ്രീ ജോർജ് ഗെർവാസിസിന്റെ മതാവും എസ്.ബി.ഐ. ഏറ്റുമാനൂർ ശാഖയിലെ ഉദ്യോഗസ്ഥ ശ്രീമതി. സോളി കുരിയാക്കോസിന്റെ (ജോർജിന്റെ ഭാര്യ) ഭർതൃമാതാവുമായ ശ്രീമതി. അന്നാമ്മ ഗർവാസിസ് നിര്യാതയായി.



ശ്രീമതി. അന്നാമ്മ ഗർവാസിസ്

സംസ്കാരം കോതനല്ലൂർ പള്ളിയിൽ നടത്തി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

## ശ്രീ.വി.ശശീന്ദ്രൻ (62)
## റിട്ട.ഡി.ജി.എം.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം, ചെന്നൈ സർക്കിൾ ഡെവലപ്പ്മെന്റ് ഓഫീസർ (സി.ഡി.ഒ.) ആയി വിരമിച്ച ശ്രീ.വി.ശശീന്ദ്രൻ (62) നിര്യാതനായ വിവരം അത്യന്തം വ്യസനത്തോടെ റിപ്പോർട്ട് ചെയ്യുന്നു.

ഇതിന് മുൻപ് കോട്ടയം ആർ.ബി.ഓ. യിൽ റീജിയണൽ മാനേജരായിരുന്നു. തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ അസി. ജനറൽ മാനേജർ (പി.&എച്ച്.ആർ.) ആയും പ്രവർത്തിച്ചിട്ടുണ്ട്. ദീർഘനാളത്തെ സജീവ ഔദ്യോഗിക ജീവിതത്തിന് ശേഷം വിശ്രമജീവിതത്തിലേയ്ക്ക് കടന്ന് അധികം താമസിയാതെ അകാലത്തിൽ പൊലിഞ്ഞു പോയ അദ്ദേഹത്തിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

## അന്ത്യപ്രണാമങ്ങൾ!

ആദു:ഖവാർത്ത വിശ്വസിക്കാതിരിക്കാനാണ് മനസ്സ് വീണ്ടും വീണ്ടും എന്നോട് പറയുന്നത്. തികച്ചും അപ്രതീക്ഷിതമായിരുന്നു രഘുവിന്റെ ഫോൺ കോൾ. ഓർക്കാപ്പുറത്ത് എന്നെ തേടിയെത്തിയ ആ വാർത്തയിൽ ഏറെ നേരം മനസ്സുടക്കിനിന്നു. കൺഫേംഡ് ന്യൂസാണെന്ന് രഘുപറഞ്ഞതിൽ പിന്നീട് ശശിയുടെ ചിരിക്കുന്ന മുഖമായിരുന്നു എനിക്ക് ചുറ്റും. കുറെ നേരം അതങ്ങിനെ തുടർന്നു. പ്രിയപ്പെട്ട സുഹൃത്തുക്കളുടെ വിയോഗവാർത്തകളാണ് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നമുക്കിടയിലേക്ക് അനുവാദം കൂടാതെ കേറിവരുന്നത്.

ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ശശിയുമായുള്ള അടുപ്പം. പഴയ കോഴിക്കോടൻ ദിനങ്ങളിലെപ്പോഴോ, ഒരു ചൊൽകവിതയുടെ, അതുമല്ലെങ്കിൽ ഒരു നാടകത്തിന്റെ ഇടനാഴിയിലൂടെ ആ സൗഹൃദം അനായാസം ഞങ്ങളുടെ ഇടയിലേക്ക് കയറി വന്നു എന്നതാണ് വാസ്തവം. കാലം പതിയെ മുന്നോട്ട്നീങ്ങവേ ട്രയിനി ഓഫീസറായി, എസ്ടിസിയിലെ അദ്ധ്യാപകനായി ചീഫ്മാനേജരായി എ ജി എം ആയി എല്ലാത്തിനും ഒടുവിലായി ഡിജിഎം ആയി വിവിധ ആടയാഭരണങ്ങളണിഞ്ഞ് വന്നപ്പോഴും ആ പഴയ സഹൃദയനായ കാവ്യോപാസകനും നാട്യകാരനുമായിരുന്നു എനിക്കൊപ്പം ഉണ്ടായിരുന്നത്. ഏൽപ്പിച്ചതും ഏറ്റെടുത്തതുമായ ഉത്തരവാദിത്വം തികഞ്ഞ് ആസ്വദിച്ചു നിർവഹിച്ചിരുന്നു ശശി. അധികാരത്തിന്റെ ഗർവ്വ് തലയിലേറ്റാതെ ശരിയെന്നു ബോദ്ധ്യപ്പെട്ടവ നടപ്പിൽ വരുത്താൻ ഒട്ടും വൈമുഖ്യം കാണിച്ചിരുന്നില്ല. ഔദ്യോഗിക തിരക്കുകൾക്കിടയിൽ അപൂർവമായി തേടിയെത്തുന്ന ഒഴിവ് വേളകളിൽ കേറി വരാറുള്ള കടമ്മനിട്ടയും കാട്ടാളനും അരങ്ങ് വാഴാറുള്ള അപൂർവം സന്ധ്യകളിലെ സഹൃദയനായ ആ പങ്കാളിയുടെ നിറവുറ്റ സാന്നിധ്യം ഇപ്പോൾ നമുക്കിടയിലില്ലാ എന്നത് എന്റെ മനസ്സിനെ വിശ്വസിപ്പിക്കാനുള്ള കഠിന ശ്രമത്തിലാണ് ഞാൻ. പെൻഷനേഴ്സ് അസോസിയേഷന്റെ പാലക്കാട് ജില്ലാ സമ്മേളനത്തിലായിരുന്നു അവസാനമായി കണ്ടത്. ഒച്ച വച്ചുള്ള ആ ചിരിയും നർമ്മം കലർത്തിയ തമാശകളും അന്നത്തെ തിരക്കിനിടയിലും എനിക്ക് തരാൻ മറന്നില്ല ശശി. വായിച്ച പുസ്തകങ്ങളിൽ ഇഷ്ടപ്പെട്ടവ ഏതെന്നും പറ്റുമെങ്കിൽ വാങ്ങി വായിച്ചോളൂ എന്ന അടിക്കുറിപ്പോടെ എന്റെ വാട്സാപ്പിലേക്ക് വന്ന കുറെ കുറിപ്പുകൾ മായാതെ കിടപ്പുണ്ട് ഇപ്പോഴും. വി ശശീന്ദ്രൻ എന്ന പ്രിയ സുഹൃത്ത് ആർക്കും കാണാൻ അവസരം നൽകാതെ യാത്രയായി. കോവിഡിൻറെ കാർക്കശ്യങ്ങളിൽ കുരുങ്ങി യാത്രാ സ്വാതന്ത്ര്യം പോലും വിലക്കപ്പെട്ട എനിക്ക് പാലക്കാട് വരെ പോയി ചേതനയറ്റ ആ മുഖം കാണാനോ ആദരാഞ്ജലികൾ അർപ്പിക്കാനോ കഴിഞ്ഞില്ല. പ്രിയപ്പെട്ട ശശിക്ക് അന്ത്യപ്രണാമങ്ങൾ.!!



കെ.രാജീവൻ
പ്രസിഡന്റ്

## ഫെർഡിനന്റ്.ഡി. (എൽ.എം.4084)



ഫെർഡിനന്റ്.ഡി.

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ. ഫെർഡിനന്റ്.ഡി., (65) ചിറത്തോപ്പിൽ, ചിറ്റാട്ടുമുക്ക്, തിരുവനന്തപുരം (എൽ.എം.4084) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം ഫാത്തിമാപുരം ഫത്തിമാ മാതാ ദേവാലയത്തിൽ നടത്തി. ഭാര്യ ശ്രീമതി.ശോശാമ്മ മക്കൾ അനില, പരേതനായ അലക്സ്, മരുമകൻ ജോഷി.**

സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി. ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

## കെ.ഐ.ജോർജ്ജ് (73)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ. **കെ.ഐ. ദേവസ്സ്യാ യുടെ സഹോദരൻ കെ.ഐ.ജോർജ്ജ് (73) പുലിക്കുട്ടിശ്ശേരി, കുടമാളൂർ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. സംസ്കാരം ഐക്കര ച്ചിറ സെന്റ് ജോർജ്ജ് പള്ളി സെമിത്തേരിയിൽ നടത്തി.**

## കെ.ജെ.ജോസ് (75)



കെ.ജെ.ജോസ് (75)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം, കെ.ജെ.ജോസ് (75) കൊറ്റം വീട്, കലൂർ, എറണാകുളം നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു. ഭാര്യ എൽസമ്മ ജോസ്. പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു .

## ശ്രീ പി.കെ. പ്രഭാകരൻ



ശ്രീ പി.കെ. പ്രഭാകരൻ ,

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം **ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ. പി.കെ.** പ്രഭാകരൻ **(എൽ.എം.937) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.**

## ആദരാഞ്ജലികൾ!

**അനേക വർഷം ആലപ്പുഴയിലും എടത്വയിലും ശ്രീ പി.കെ. പ്രഭാകരൻ ഒപ്പം ജോലി ചെയ്തിരുന്നു. ഇന്ന് രാവിലേ (18.09.2020) ഹൃദയ ആഘാതത്താൽ നമ്മെ വിട്ടു പിരിഞ്ഞ വിവരം വ്യസനത്തോടെ അറിയിക്കുന്നു. പരേതന്റെ ആത്മാവിന്** നിത്യ ശാന്തി നേർന്നു കൊണ്ട്.

**ബാബു കുര്യൻ**

## ശ്രീ. കെ.ശ്രീനിവാസൻ

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം (LM.2272) ശ്രീ.** കെ.ശ്രീനിവാസൻ (69) രേവതി, പനങ്ങോട്, വെങ്ങനൂർ, **തിരുവനന്തപുരം നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു.** ഹ്യൂമൻ റൈറ്റേഴ്സ് പ്രൊട്ടക്ഷൻ കൗൺസിലിന്റെ സ്റ്റേറ്റ് സെക്രട്ടറിയാണ്. **അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദു:ഖിതരായ കുടുംബാംഗങ്ങളെ** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **അനുശോചനം അറിയിക്കുന്നു.** പരേതാത്മാവിന് നിത്യ ശാന്തി നേരുന്നു.



ശ്രീ. കെ.ശ്രീനിവാസൻ

### ഹൃദയപൂർവം അനുശോചനങ്ങൾ!!

ശ്രീനി എന്റെ അടുത്ത സുഹൃത്തായിരുന്നു. 1984–87 കാലത്ത് ലോ കോളേജിൽ ഞങ്ങൾ സഹപാഠികളായിരുന്നു. ശ്രീനി പട്ടം ബ്രാഞ്ചിൽ ഹെഡ് കാഷ്യർ ആയിരുന്ന സമയം ഞാൻ എസ്.ബി.റ്റി.ഹെഡ് ഓഫീസിലുായിരുന്നു. അദ്ദേഹവുമായി ഒന്നിച്ച് കഴിഞ്ഞിരുന്ന ദിനങ്ങളെ ഒരിക്കലും മറക്കാനാവുകയില്ല....ഹൃദയപൂർവം അനുശോചനങ്ങൾ!!

**പ്രേമൻ.എം.**

## കെ.ജി.എഡ്വിൻ (67)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം, കെ.ജി.എഡ്വിൻ (67) കുട്ടംപറമ്പിൽ, ശാന്തിനഗർ റോഡ്, തേവര, (എൽ.എം.3083)**നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു.** ഭാര്യ മേഴ്സി എഡ്വിൻ.



**കെ.ജി.എഡ്വിൻ**

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദു:ഖിതരായ കുടുംബാംഗങ്ങളെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

## ശ്രീ.പി.പി.ആർ.ഉപാദ്ധ്യായ

എസ്.ബി.ഐ. പെൻഷൻകാർക്ക് നീതി കിട്ടുന്നതിനായി അക്ഷീണം പ്രവർത്തിച്ചിരുന്ന നമ്മുടെ വലിയ പോരാളി ലക്ഷ്യത്തിലെത്തും മുൻപേ അന്ത്യ വിധിക്ക് കീഴടങ്ങി. ആകസ്മികമായെത്തിയ ശ്രീ.പി.പി.ആർ. ഉപാദ്ധ്യായയുടെ നിര്യാണ വാർത്ത ഏറെ നൊമ്പരപ്പെടുത്തുന്നതായി. ഒരു നെടുവീർപ്പോടെ മാത്രമേ എല്ലാവർക്കും ആ വാർത്ത ഉൾക്കൊള്ളാനായുള്ളു. എസ്.ബി.ഐ. പെൻഷൻകാർക്ക് മറ്റ് സമാന സർവീസുകളിലുള്ളതുപോലെ പെൻഷൻ ലഭിക്കണമെന്ന തുല്ല്യനീതി അദ്ദേഹം സ്വപ്നം കണ്ടിരുന്നു. അതിന് വേണ്ടിയുള്ള പോരാട്ടമായിരുന്നു അദ്ദേഹത്തിന്റേത്. നമുക്ക് ആ ദൗത്യം വിജയം വരെ ഏറ്റെടുത്ത് നടത്തി അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയേകാം.



ശ്രീ.പി.പി.ആർ.ഉപാദ്ധ്യായ

## ശ്രീമതി. അലമേലു അമ്മാൾ (83)



കോട്ടയം തിരുനക്കര സാൻസൂസിയിൽ റിട്ട. എസ്.ബി.ഐ. ചീഫ് മാനേജർ കെ.സുബ്രഹ്മണ്യത്തിന്റെ മാതാവ് ശ്രീമതി. അലമേലു അമ്മാൾ നിര്യാതയായ വിവരം വ്യസനത്തോടെ റിപ്പോർട്ട് ചെയ്യുന്നു.

## എൻ.കെ.ബാബു (എൽ.എം.2298)



എൻ.കെ.ബാബു (എൽ.എം.2298)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കാസർഗോഡ് ജില്ലാ കേന്ദ്രത്തിലെ അംഗം, എൻ.കെ.ബാബു (എൽ.എം.2298) കാഞ്ഞങ്ങാട്ട് കൊവ്വാല്പള്ളിയിലുള്ള വസതിയിൽ വച്ച് അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ ജില്ലാ സെക്രട്ടറി എം.വിജയൻ എന്നിവർ അനുശോചനം അറിയിച്ചു. പരേതാത്മാവിന് നിത്യ ശാന്തി നേരുന്നു.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കാസർഗോഡ് സംഘടനാ ഭാരവാഹികൾ കഴിഞ്ഞ ദിവസം അന്തരിച്ച നമ്മളുടെ മെമ്പർ എൻ കെ ബാബുവിന്റെ കാഞ്ഞങ്ങാടുള്ള വീട് സന്ദർശിച്ച് ഫാമിലി പെൻഷൻ, ഇ എം ഡബ്ളുഎസ്സ് ഫോറം എന്നിവ കുടുംബത്തെ ഏല്പിക്കുന്നു

# ശ്രീമതി.വൽസമ്മ ജോസഫ്

എസ്.ബി.ഐ. ആവോലി ശാഖയിൽ നിന്നും വിരമിച്ച ശ്രീ.നൈനാൻ ജോസഫിന്റെ ഭാര്യ ശ്രീമതി.വൽസമ്മ ജോസഫ് അന്തരിച്ച വിവരം വളരെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം മേലുകാവ് സി.എസ്.ഐ. പള്ളിയിൽ നടത്തി. ശ്രീ.നൈനൻ ജോസഫിന്റെയും കുടുംബാംഗങ്ങളുടെയും ദുഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്ക് ചേരുന്നു.



ശ്രീമതി.വൽസമ്മ ജോസഫ്

# സി.വി.രാധാകൃഷ്ണൻ നായർ



വൈക്കം കുലശേഖരമംഗലം രാധാനിവാസിൽ സി.വി.രാധാകൃഷ്ണൻ നായർ

വൈക്കം കുലശേഖരമംഗലം രാധാനിവാസിൽ സി.വി. രാധാകൃഷ്ണൻ നായർ (74) അന്തരിച്ചു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം, ശ്രീ. സി.വി. ചന്ദ്രശേഖരൻ നായരുടെ (റിട്ട. ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ), സഹോദരനാണ്. ഭാര്യ പരേതയായ ഇന്ദിര. മക്കൾ പ്രദീപ്, നിഷ. മരുമക്കൾ: സുസ്മിത, രാജേഷ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദു:ഖിതരായ കുടുംബാംഗങ്ങളെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# റ്റി.എസ്.സുധാകരൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **ആലപ്പുഴ** ജില്ലാ കേന്ദ്രത്തിലെ അംഗം, റ്റി.എസ്.സുധാകരൻ ചേർത്തല കണിച്ചുകുളങ്ങരയിലുള്ള വസതിയിൽ വച്ച് അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.




റ്റി..എസ്.സുധാകരൻ
കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്ക് ചേരുന്നു.

# സി.എഫ്. തോമസ് എം.എൽ.എ. അന്തരിച്ചു




**മുൻ മന്ത്രിയും ചങ്ങനാശ്ശേരി എം.എൽ.എ. യുമായ ശ്രീ. സി.എഫ്. തോമസ് അന്തരിച്ചു.**

**ആദരാഞ്ജലികൾ!**

## ശ്രീമതി.അമ്മിണിക്കുട്ടി അന്തർജനം



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം എസ്.ബി.ഐ. യിൽ നിന്നും മാനേജരായി **വിരമിച്ച ശ്രീമതി. എം.എസ്.തുളസിയുടെ മാതാവ് കിടങ്ങൂർ മൂലവള്ളിൽ ഇല്ലത്ത് ശ്രീമതി. അമ്മിണിക്കുട്ടി അന്തർജനം അന്തരിച്ച വിവരം വളരെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. ദു:ഖിതരായ കുടുംബാംഗങ്ങളെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.**



# പത്രാധിപ സമിതി

## രക്ഷാധികാരി

കടപ്പാട് വിക്കിപീഡിയ,

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

**മാനേജിംഗ് എഡിറ്റർ**

**ശ്രീ.എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**

**ശ്രീ.പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

**പി.എം.ജേക്കബ്**

**സി.പി.മാത്യു**

**എം.പി.പുഷ്കരൻ**

**സി.കെ.വിശ്വനാഥൻ നായർ**

**ഈശോ ചെറിയാൻ**

**ജോൺ വി. ചെറിയാൻ**

**ജോസഫ് ജോൺ**

**ത്രേസ്യാമ്മ ആന്റണി**

**കെ. കെ.പാപ്പച്ചൻ**

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**

**ചീഫ് എഡിറ്റർ**